VOL NO: 03 | ISSUE 44

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 NOVEMBER 02 | ₹12

## അഭിപ്രായസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുക

തങ്ങൾക്ക് കീഴിലുള്ളവർ എങ്ങനെ ചിന്തിക്കണമെന്നും എങ്ങനെ പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യണമെന്നും തീരുമാനിക്കാനുള്ള അവകാശം തന്നിൽ നിക്ഷിപ്തമാണെന്ന് ഓരോ ഭരണാധികാരിയും കരുതുന്നു; അങ്ങനെയാകാൻ ആഗ്രഹിക്കുന്നു. ഈ ആഗ്രഹം അമിതമാകുമ്പോഴാണ് ജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനും അറിയാനുള്ള അവകാശത്തിനും മാധ്യമ സ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടുന്നത്. അണികളുടെ ന്യായമായ ആവശ്യങ്ങൾ മനസ്സിലാക്കുകയും ബോധ്യപ്പെട്ടത് നിവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ മാത്രമെ പരസ്പര ബഹുമാനത്തോടെയുള്ള ബന്ധം നിലനിൽക്കൂ.




## എഞ്ചിനിയറിങ് പഠനം; പാഴാക്കുന്ന ഭാവിയും പണവും

ഉന്നത വിദ്യാഭ്യാസരംഗത്തെ മാർക്ക്ദാനവുമായി ബന്ധപ്പെട്ട വിവാദങ്ങൾ കെട്ടടങ്ങിയിട്ടില്ല. വിദ്യാർഥി ജീവിതത്തിലെ ഏറ്റവും നിർണായകഘട്ടമാണ് ഉന്നത വിദ്യാഭ്യാസം. അത് വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ വർഷങ്ങളുടെ അധ്വാനവും സമ്പത്തും നിഷ്ഫലമാകും. ഉന്നത വിദ്യാഭ്യാസരംഗത്ത് വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, ഭരണാധികാരികൾ... തുടങ്ങി മുഴുവൻ പേരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശകലനം ചെയ്യുന്നു.

|| നിഷിദ്ധങ്ങളെ സൂക്ഷിക്കുക
|| കൂട്ടായ്മയിൽനിന്ന് അകലുമ്പോൾ
|| വിശുദ്ധ ക്വുർആൻ തുറക്കുന്ന വിജ്ഞാന കവാടം

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

നേർപഥം
വാരിക

0146 / 2019 നവംബർ 02 / 1441 റബിഉൽ അവ്വൽ 03 / പുസ്തകം 3 / ലക്കം 44



# എഞ്ചിനിയറിങ് പഠനം; പാഴാക്കുന്ന ഭാവിയും പണവും

നബീൽ പയ്യോളി / 10

**മുഖമൊഴി**
അഭിപ്രായസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുക / 05
എഡിറ്റർ

**വിമർശനം**
അഹ്‌ലുസ്സുന്നയുടെ പേരിൽ
ശിർക്കിനെ കുടിയിരുത്തുന്നവർ / 07
മൂസ സ്വലാഹി, കാര

**വിവർത്തനം**
നിഷിദ്ധങ്ങളെ സൂക്ഷിക്കുക / 15
ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹി)

**നമുക്ക് ചുറ്റും**
വീര സവർക്കർ എന്ന ഭീരു സവർക്കർ / 18
പി.വി.എ പ്രിംറോസ്

**ലേഖനം**
വിശുദ്ധ ക്വുർആൻ തുറക്കുന്ന വിജ്ഞാന കവാടം / 20
അബ്ദുൽ മാലിക് സലഫി

**ക്വുർആൻ ദർശനം**
മആരിജ് (കയറുന്ന വഴികൾ), ഭാഗം: 2 / 24
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി

**ഹദീസ് പാഠം**
ലജ്ജ എന്ന മാനുഷിക ഗുണം / 26
അബൂതൻവീൽ

**കൂട്ടായ്മ**
കൂട്ടായ്മയിൽനിന്ന് അകലുമ്പോൾ / 28
ടി.കെ അശ്‌റഫ്

**പുനർവായന**
മഹല്ല് പ്രവർത്തനം / 31
പി.വി ഉമർകുട്ടി ഹാജി (റഹി)

**കാഴ്ച**
സംതൃപ്തിയുടെ തെളിനീർ മഴ / 34
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



## ധൂർത്തിന്റെ പുതിയ അവതാരങ്ങൾ

കേരളത്തിലെ മുസ്‌ലിം സമുദായം അരക്ഷിതരാണോ എന്ന് സംശയിക്കേണ്ട രൂപത്തിലാണിന്ന് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. തങ്ങളുടെ തറവാട്ടുമഹിമയും പുത്തൻ പണക്കൂറ്റും കാണിക്കാൻ വെമ്പൽ കൊള്ളുന്ന വിവരദോഷികളായി നമ്മിൽ പലരും മാറുന്നുവോ?

വിവാഹം എന്ന സംവിധാനം ഇത്രമാത്രം കുടുംബങ്ങളെ പരുക്കേൽപിക്കുന്ന സംവിധാനമായി മാറിയതിൽ ആർക്കെല്ലാം പങ്കുണ്ട്?

സ്ത്രീധനം, ആഭരണങ്ങളിലെ ധൂർത്ത്, വിവാഹസദ്യകളിലെ മിതത്വമില്ലായ്മ, വിവാഹാഘോഷങ്ങളിൽ കാണിക്കുന്ന ന്യൂജെൻ വൃത്തികേടുകൾ, വിവാഹത്തോടനുബന്ധിച്ച് പുതുതായി കടന്നുവരുന്ന അനുബന്ധ ആഘോഷങ്ങൾ, മഞ്ഞൾ കല്യാണം മുതൽ മൈലാഞ്ചി കല്യാണം വരെയുള്ളവ നാം കാണാതിരുന്നുകൂടാ. വിവാഹശേഷം കാണുന്ന സൽക്കാര ആഢ്യത്ത പ്രദർശനങ്ങൾ വേറെയും.

ആ കൂട്ടത്തിലേക്ക് പുതുതായി കടന്നുവന്നതും ദിനേനയെന്നോണം രൂപം മാറിക്കൊണ്ടിരിക്കുന്നതുമായ കാര്യമാണ് മിഠായി കൊടുത്ത് വിവാഹം ഉറപ്പിക്കുന്ന ചടങ്ങ്!

പേരും പെരുമയും തറവാടിത്തവും കാണിക്കാനുള്ള മത്സരമായി മാറിയ ഈ സമ്പ്രദായം വല്ലാത്തൊരു അവസ്ഥയിലെത്തിയിട്ടുണ്ട്. മലബാറിലെ മിക്കയിടങ്ങളിലും ഈ ഒരു ലക്ഷ്യം മാത്രം മുന്നിൽ കണ്ട് മിഠായിക്കച്ചവട ശൃംഖലകൾ തന്നെ രൂപപ്പെട്ടിരിക്കുന്നു!

സാധാരണ ഗതിയിൽ ഒരു ഗിഫ്റ്റ് നൽകലിൽ യാതൊരു കുഴപ്പവും കാണാൻ കഴിയില്ല; നൽകിയ സമ്മാനം തിരിച്ചു ചോദിക്കാതിരുന്നാൽ മതി. പക്ഷേ, ഇവിടെ അതൊന്നുമല്ല നടക്കുന്നത്. ഇതിനെ ആഡംബര പ്രദർശനമാക്കി മാറ്റുകയാണ്. ഇതൊരു ഒഴിവാക്കാൻ പറ്റാത്ത ആചാരമായി വളരുകയാണ്. അനാവശ്യമായ ചെലവ് വരുത്തിവെക്കുകയാണ്.

സാമ്പത്തിക മാന്ദ്യം, തൊഴിലില്ലായ്മ, വർധിച്ചുവരുന്ന ധനക്കമ്മി... ഇതിനെക്കുറിച്ചൊന്നും ബോധമില്ലാത്തവരായി നമ്മുടെ സമുദായം മാത്രം മാറുന്നതെന്താണ്?

മഹല്ലുകൾ എന്ന സംവിധാനം സംഘടനാവത്കരിക്കപ്പെട്ടതോടെ സമുദായംഗങ്ങൾക്ക് മേലുള്ളനിയന്ത്രണം നഷ്ടമായി എന്നതാണ് വസ്തുത. ഇത്തരം അധാർമികതകൾക്കെതിരെ ശബ്ദിക്കാൻ നാം ഒരുമിച്ച് തയ്യാറാകണം.

**-ഡോ. സി മുഹമ്മദ് റാഫി ചെമ്പ്ര**

## ആവിഷ്‌കാരസ്വാതന്ത്ര്യത്തിന്റെ പേരിലുള്ള വെറുപ്പുൽപാദനത്തിന് തടയിടണം: വിസ്ഡം സ്റ്റുഡൻസ്

മലപ്പുറം: ആവിഷ്‌കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ എന്ത് വൃത്തികേടുമാവാം എന്ന ചിന്ത അപകടകരമാണെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു. ആവിഷ്‌കാര സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള തോന്നിവാസങ്ങൾക്ക് തടയിടണം. പരസ്പര ബഹുമാനവും ആദരവും നിലനിർത്തിയാണ് ഇക്കാലമത്രയും ആശയസംവാദങ്ങൾ നിലനിന്നു പോന്നത്. വിയോജിപ്പുകളും എതിർപ്പുകളും അന്യരെ നോവിക്കാതെ പ്രകടിപ്പിച്ചിരുന്ന മാന്യതയിൽ നിന്ന് തനിക്ക് ഇഷ്ടമില്ലാത്തതിനെയെല്ലാം വൃത്തികെട്ട ഭാഷയിൽ അധിക്ഷേപിക്കുകയെന്ന സംസ്‌കാരത്തിലേക്കുള്ള മാറ്റം സമൂഹം ആശങ്കയോടെയാണ് കാണേണ്ടത്.

കാലിക്കറ്റ് യൂണിവേഴ്‌സിറ്റി വിദ്യാർഥി യൂണിയന്റെ പേരിൽ പുറത്തിറങ്ങിയ മാഗസിനിലെ വരികൾ കേരളം നിലനിർത്തിപ്പോന്ന സംവാദ സംസ്‌കാരത്തിന് അന്യമാണ്. അത്തരം വെറുപ്പുതീനികൾക്ക് പൊതുസമൂഹത്തിൽ ഇടംകൊടുക്കുന്നവർ സമൂഹത്തിലുണ്ടാകുന്ന അസ്വാരസ്യങ്ങളുടെ ഉത്തരവാദിത്തമേറ്റെടുക്കണമെന്നും പ്രമേയം ആവശ്യപ്പെട്ടു.

വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് എ.പി മുനവ്വർ സ്വലാഹി അധ്യക്ഷത വഹിച്ചു. ഡോ പി.പി നസീഫ്, സി. മുഹാസ്, വി അബൂബക്കർ, കെ.പി മുഹമ്മദ് ഷമീൽ, ത്വാഹാ റഷാദ്, നിസാർ സ്വലാഹി, ഇൻഷാദ് സ്വലാഹി, അഷ്‌കർ ഇബ്‌റാഹീം എന്നിവർ സംസാരിച്ചു.

മുഖമൊഴി

# അഭിപ്രായസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുക

പ്രജകൾ എങ്ങനെ ചിന്തിക്കണമെന്നും എങ്ങനെ പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യണമെന്നും തീരുമാനിക്കാനുള്ള അവകാശം തന്നിൽ നിക്ഷിപ്തമാണെന്ന് ഓരോ ഭരണാധികാരിയും കരുതുന്നു; അങ്ങനെയാകാൻ ആഗ്രഹിക്കുന്നു. ഈ ആഗ്രഹം അമിതമാകുമ്പോഴാണ് ജനങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനും അറിയാനുള്ള അവകാശത്തിനും മാധ്യമ സ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടുന്നത്. അത്തരം ഭരണാധികാരികൾക്ക് തങ്ങൾ വിമർശിക്കപ്പെടുന്നത് അസഹ്യമായിരിക്കും. തങ്ങളെ വിമർശിക്കുന്നതിനെ രാജ്യദ്രോഹമായി ചിത്രീകരിക്കാനും വിമർശകരെ തുറുങ്കിലടക്കാനും അവർ മടികാണിക്കില്ല.

എന്നാൽ നല്ല ഭരണാധികാരികളും ആഗ്രഹിക്കുക ജനങ്ങൾ തങ്ങളുടെ ഇംഗിതങ്ങൾക്കനുസരിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നുതന്നെയായിരിക്കും. ഇത് അഹന്ത കൊണ്ടും മർക്കടമുഷ്ടി കൊണ്ടും ആകണമെന്നില്ല. തങ്ങൾ പഠിച്ച രാഷ്ട്രമീമാംസയുടെ പാഠങ്ങൾ അനുസരിച്ച് ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ ഭരണ രീതിയാണ് തങ്ങൾ പ്രാവർത്തികമാക്കുന്നത് എന്നതിനാൽ ജനങ്ങൾ വ്യത്യസ്തമായി ചിന്തിക്കുകയോ അഭിപ്രായം പ്രകടിപ്പിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല എന്നായിരിക്കും ശുദ്ധഗതി കൊണ്ട് അവർ ചിന്തിക്കുന്നത്.

തങ്ങളുടെ വിദ്യാർഥികളെല്ലാം വാക്കിലും നോക്കിലും നടപ്പിലും ഇരിപ്പിലും തങ്ങൾ മനസ്സിൽ രൂപപ്പെടുത്തിയ മാതൃകയാകണമെന്ന് പല അധ്യാപകരും ആഗ്രഹിക്കുന്നു. യാതൊന്നും മറുത്തു പറയാതെ, കുഴപ്പം പിടിച്ച ചോദ്യങ്ങളൊന്നും ഉന്നയിക്കാതെ, കുസൃതികളും കളിതമാശകളും കാണിക്കാതെ, എഴുത്തും വായനയും ഹോംവർക്കും എല്ലാം കൃത്യമായി നിർവഹിക്കുന്ന സ്ഥിതിയിൽ എല്ലാ വിദ്യാർഥികളും ആയാൽ ഈ അധ്യാപകർ അത്യധികം സന്തുഷ്ടരായിരിക്കും. മാതൃകായോഗ്യർ എന്ന് അറിയപ്പെടുന്നവരും അവാർഡ് ജേതാക്കളുമൊക്കെയായ മികച്ച ഗുരുനാഥൻമാരുടെ മനോഗതിയും ഏറെക്കുറെ ഇങ്ങനെയായിരിക്കും.


തങ്ങളുടെ അണികൾ ഏറ്റവുമധികം അച്ചടക്കം പാലിക്കുന്നവരും തങ്ങളുടെ അജണ്ട പൂർണമായി നടപ്പിലാക്കുന്നവരും ആയിരിക്കണമെന്ന് മിക്ക സംഘടനാ സാരഥികളും ആഗ്രഹിക്കുന്നു. സഹപ്രവർത്തകരൊക്കെയും തങ്ങളുടെ ചിന്താഗതികളോടും സമീപനങ്ങളോടും പൂർണമായി യോജിക്കുന്നവരാകണമെന്നും വിശദാംശങ്ങളിൽ പോലും അവർ വ്യത്യസ്തമായ വീക്ഷണങ്ങളും നിലപാടുകളും പുലർത്തുന്നവരാകരുതെന്നും അവർ ആഗ്രഹിക്കും. സ്വേഛാധിപത്യ ചിന്താഗതിയുള്ളവരിൽ മാത്രമല്ല ഈ ആഗ്രഹം ഉണ്ടാവുക. സംഘടനയുടെ കെട്ടുറപ്പും വ്യതിരിക്തതയും കാത്തുസൂക്ഷിക്കുന്നതിനും വീക്ഷണ വ്യത്യാസങ്ങളും വ്യതിയാനങ്ങളും ഉണ്ടാകാതെ സൂക്ഷിക്കുവാനും ഈ ജാഗ്രത അനിവാര്യമാണെന്ന് മനസ്സിലാക്കുന്ന നല്ല സംഘാടകരിലും ഈ ചിന്താഗതി കാണാം. സംഘടനയുടെ കെട്ടുറപ്പിന്റെ കാര്യത്തിൽ തികഞ്ഞ നിഷ്കർഷത പുലർത്താതെ മുന്നോട്ട് നീങ്ങാൻ കഴിയില്ല എന്ന നിലപാട് ഉദ്ദേശശുദ്ധിയെ മാനിക്കുന്ന ആർക്കും അവഗണിക്കാൻ കഴിയില്ല.

നടേ സൂചിപ്പിച്ച ഭരണാധികാരികളും അധ്യാപകരും സംഘടനാ സാരഥികളും ഒരു മൗലികമായ യാഥാർഥ്യം വിസ്മരിക്കുന്നു. വ്യക്തികളെ അവരുടെ തനതായ രൂപത്തിൽ പരിഗണിക്കുകയും അവരുടെ ചിന്താപരവും സ്വഭാവപരവുമായ വ്യതിരിക്തത നിലനിർത്താൻ അനുവദിക്കുകയും ചെയ്താലേ അവർക്കും അവർ മുഖേന സമൂഹത്തിനും വികാസത്തിനുള്ള മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്താൻ കഴിയൂ എന്ന സുപ്രധാന വസ്തുതയാണ് അവർ വിസ്മരിക്കുന്നത്. ഭരണാധികാരികൾ എന്ത് പറഞ്ഞാലും എന്ത് ചെയ്താലും എതിർത്തൊന്നും ഉരിയാടാതെ സ്തുതിപാഠകരും റാൻമൂളികളുമായി കഴിയുന്ന പ്രജകൾ മുഖേന സാമൂഹ്യമാറ്റമോ രാജ്യപുരോഗതിയോ ഉണ്ടാവുകയില്ല എന്ന് മാത്രമല്ല വിമർശനങ്ങളും തിരുത്തലുകളും നടക്കാത്തതിനാൽ ഭരണകൂടം തന്നെ ജീർണിക്കുകയും അധഃപതിക്കുകയും ചെയ്യുന്നതിന് അവരുടെ നിലപാട് ഇടവരുത്തുകയും ചെയ്യും. ഓരോരുത്തരും അവരവരുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളും കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞാൽ, ജനങ്ങളെ നയിക്കുന്നവർക്കും ഈ തിരിച്ചറിവുണ്ടായാൽ എല്ലാവർക്കും അഭിപ്രായ പ്രകടന സ്വാതന്ത്ര്യം നൽകുന്നത് വളരെ പ്രയോജനപ്രദമാണ് വ്യക്തമാകും.

മൂസ സ്വലാഹി, കാര
moosakara001@gmail.com



അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 6



# അഹ്‌ലുസ്സുന്നയുടെ പേരിൽ ശിർക്കിനെ കുടിയിരുത്തുന്നവർ

അഹ്‌ലുസ്സുന്നതി വൽജമാഅഃ എന്ന സത്യധാരയെ ഉയർത്തിക്കാട്ടി സകല അന്ധവിശ്വാസങ്ങളുടെയും പ്രചാരകരായി നാടുനീളെ വിലസുന്നവരാണ് സമസ്തക്കാർ എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. 2019 സെപ്തംബർ ലക്കം 'സുന്നത്ത്' മാസികയിൽ 'അഹ്‌ലുസ്സുന്ന, അടിത്തറയുള്ള വിശ്വാസധാര' എന്ന തലക്കെട്ടിൽ വന്ന ഒരു ലേഖനം ഇതിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

അഹ്‌ലുസ്സുന്നയെന്നത് തോന്നിയത് പോലെ ആദർശം മാറ്റിമറിക്കുന്നവരുടെ പേരല്ല; മറിച്ച് വിശ്വാസ ദൃഢതയും പ്രമാണ നിഷ്ഠയും പരലോക ബോധവുമുള്ളവർക്ക് അല്ലാഹു ഒരുക്കിയ മാർഗമാണത്. എന്നാൽ ആ സത്യമാർഗത്തിൽ പ്രവേശിക്കാതെ ദുർമാർഗത്തിൽ ജീവിക്കുന്നവരാണ് കൂടുതൽ.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ ബാധ്യതയാകുന്നു നേരായ മാർഗം (കാണിച്ചുതരിക) എന്നത്. അവയുടെ (മാർഗങ്ങളുടെ) കൂട്ടത്തിൽ പിഴച്ചവയുമുണ്ട്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെയെല്ലാം അവൻ നേർവഴിയിലാക്കുമായിരുന്നു" (ക്വുർആൻ 16:9).

മുസ്‌ലിയാർ എഴുതുന്നു: “സ്വയം സഹായിക്കാൻ കഴിവുണ്ടെന്ന് മനസ്സിലാക്കി സൃഷ്ടിയെ സമീപിക്കുന്നത് ശിർക്കാണ്. അല്ലാഹുവിന്റെ അനുവാദമോ തീരുമാനമോ കൂടാതെ എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ വരുത്താൻ അല്ലാഹു അല്ലാത്ത വല്ലതിനും കഴിയുമെന്ന വിശ്വാസവും തദനുസൃതമായ പ്രവർത്തനവുമാണ് ശിർക്ക്” (പേജ് 29).

ശിർക്കിന് പ്രമാണങ്ങളുടെ പിൻബലമില്ലാത്ത നിർവചനമാണ് മുസ്‌ലിയാർ നൽകിയിരിക്കുന്നത്. അല്ലാഹുവിനെ സംബന്ധിച്ച് യഥാവിധി അറിയാത്തത് കൊണ്ടും താൻ പ്രതിനിധാനം ചെയ്യുന്ന സഭയുടെ വികലമായ ആദർശങ്ങളെ സംരക്ഷിക്കാൻ നോക്കുന്നത് മൂലവുമാണ് ഇങ്ങനെ പറയേണ്ടി വരുന്നത്. ഈ വാദമനുസരിച്ച് കല്ലിനെയും മരത്തിനെയും വിഗ്രഹത്തെയുമൊക്കെ ആരാധിക്കാം. അല്ലാഹുവിന്റെ അനുവാദവും തീരുമാനവും അവൻകൊടുത്ത കഴിവും കൊണ്ട് മാത്രമെ ഇവയ്ക്ക് എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയൂ എന്ന് വിശ്വസിച്ചുകൊണ്ടാകണം എന്ന് മാത്രം!

അല്ലാഹുവിന്റെ റുബൂബിയ്യത്ത് (രക്ഷാകർതൃത്വം), ഉലൂഹിയ്യത്ത് (ആരാധ്യത), അസ്മാഉ വസ്സിഫാത്ത് (നാമഗുണ വിശേഷണങ്ങൾ) തുടങ്ങി അവന് മാത്രം അവകാശപ്പെട്ട കാര്യങ്ങളിൽ വല്ലതിനെയും പങ്കാളികളാക്കലാണ് യഥാർഥത്തിൽ ശിർക്ക്.

അല്ലാഹു പറയുന്നു: “അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണ് അവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകലകാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു” (6:102).

ക്വുർആനിന്റെ മൂന്നിലൊന്ന് എന്ന് വിശേഷിപ്പിക്കപ്പെട്ട സൂറതുൽ ഇഖ്‌ലാസും ഇതിന് മതിയായ തെളിവാണ്.

മുസ്‌ലിയാർ എന്തിനാണ് ഇത്തരമൊരു നിർവചനം എഴുതി വിട്ടതെന്ന് അദ്ദേഹം തന്നെ തുറന്നെഴുതുന്നു: “എന്നാൽ സ്വയം സഹായിക്കാനുള്ള കഴിവ് ആരോപിക്കാതെ സൃഷ്ടികളെ സമീപിക്കുന്നത് ശിർക്കാവുകയില്ല” (പേജ് 29).

മക്കാ മുശ്‌രിക്കുകൾ കൊണ്ടുനടന്ന ഈ പിഴച്ച വാദത്തെ ബലപ്പെടുത്താൻ വേണ്ടിയായിരുന്നു എന്ന് സാരം. സ്വയം സഹായിക്കാൻ കഴിവില്ല; അല്ലാഹു കൊടുത്ത കഴിവേയുള്ളൂ എന്ന വിശ്വാസത്തോടെയായിരുന്നു മക്കാമുശ്‌രിക്കുകൾ ലാത്തയോടും മനാത്തയോടുമൊക്കെ പ്രാർഥിച്ചിരുന്നത്. ആ വിശ്വാസത്തോടെ ഏത് സൃഷ്ടിയോടും പ്രാർഥിക്കാമെന്നാണ് തങ്ങളുടെ വിശ്വാസമെന്ന് ലേഖകൻ സമ്മതിക്കുകയാണിവിടെ! ഇത് ഏതായാലും ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസമല്ല.

മുശ്‌രിക്കുകളുടെ വിശ്വാസത്തെപ്പറ്റി ക്വുർആൻ പറയുന്നത് കാണുക: “അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന്ന് ചില സമൻമാരെ ഉണ്ടാക്കി വെച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ച് കൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്” (14:30).

ഈ ആദർശത്തെ ഊട്ടിയുറപ്പിക്കാൻ അവർ പറഞ്ഞ കാരണങ്ങളിൽ ഒന്നാണ് ആരാധ്യന്മാർക്ക് സ്വയം കഴിവില്ലെന്നത്. അവരുടെ തൽബിയ്യത്ത് ഇതിന് മതിയായ സാക്ഷ്യവുമാണ്:

‘അല്ലാഹുവേ നിന്റെ പങ്കാളി സ്വയം കഴിവുള്ളവനല്ല. അയാൾക്കുള്ള കഴിവ് നിനക്കുള്ളതാക്കുന്നു. ആ കഴിവെല്ലാം നിന്റെ അധീനത്തിലാകുന്നു’ (മുസ്‌ലിം).

ശിർക്കെന്ന വൻപാപത്തെ വെള്ളപൂശാൻ വേണ്ടിയാണല്ലോ മുസ്‌ലിയാർ ഇങ്ങനെയൊക്കെ പറഞ്ഞൊപ്പിക്കുന്നത്. ഇസ്‌ലാം ഈ വിഷയത്തിൽ നൽകിയ മുന്നറിയിപ്പുകളെ മറക്കാതിരിക്കുന്നത് നന്ന്. അല്ലാഹു പറയുന്നു: “...അതിനാൽ (ഇതെല്ലാം) അറിഞ്ഞ് കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്” (2:22).

اهل السنة
AhlusSunnah




"അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ. ഈ അക്രമികൾ പരലോകശിക്ഷ കൺമുമ്പിൽ കാണുന്ന സമയത്ത് ശക്തി മുഴുവൻ അല്ലാഹുവിനാണെന്നും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അവർ കണ്ടറിഞ്ഞിരുന്നുവെങ്കിൽ (അതവർക്ക് എത്ര ഗുണകരമാകുമായിരുന്നു!)" (2:165).

അബ്ദുല്ല‍ﷺയിൽ നിന്ന്; ഞാൻ നബിﷺയോട് ചോദിച്ചു: "അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും വലിയ പാപം ഏതാണ്?" അവിടുന്ന് പറഞ്ഞു: "നിന്നെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നീ സമന്മാരെ ഉണ്ടാക്കലാണ്..."(ബുഖാരി).

ഇസ്‌ലാം വിരോധിച്ച രീതിയിലുള്ള തവസ്സുൽ പഠിപ്പിക്കാൻ മുസ്‌ലിയാർ നടത്തിയ ദുർവ്യാഖ്യാനം നോക്കൂ: "ഉസ്മാനുബ്നു ഹുനൈഫ്‌ﷺവിൽ നിന്ന് നിവേദനമുള്ള ഹദീസിൽ കാണാം. കാഴ്ചശക്തിയില്ലാത്ത ഒരാൾ തിരുനബിﷺയെ സമീപിച്ച് രോഗം സുഖപ്പെടാൻ അങ്ങ് അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്ന് പറയുന്നു. വേണമെങ്കിൽ ഞാൻ പ്രാർത്ഥിക്കാം. ക്ഷമിക്കുന്നതാണ് നിങ്ങൾക്ക് നല്ലത് എന്നായിരുന്നു നബിﷺയുടെ മറുപടി. വീണ്ടും പ്രാർത്ഥിക്കാനാവശ്യപ്പെട്ടപ്പോൾ തിരുനബിﷺ അദ്ദേഹത്തോട് പൂർണ്ണ വുളൂഅ് നിർവഹിക്കാൻ ആവശ്യപ്പെടുകയും ശേഷം ഇപ്രകാരം ദുആ ചെയ്യാൻ കൽപിക്കുകയും ചെയ്തു: കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ് നബിﷺയെ മുൻനിർത്തി ഞാൻ നിന്നിലേക്ക് മുന്നിടുകയും എന്റെ ആവശ്യം ഞാൻ നിന്നോട് ചോദിക്കുകയും ചെയ്യുന്നു. എന്റെ കാര്യത്തിൽ നബിﷺയുടെ ശിപാർശ നീ സ്വീകരിക്കണേ" (തുർമുദി)(പേജ് 30)."

ബിദ്അത്തായ തവസ്സുൽ നടത്തി ജനങ്ങൾക്ക് ശിർക്കിലേക്ക് എത്താനുള്ള വഴിയാണ് ഇതിലൂടെ മുസ്‌ലിയാർ പഠിപ്പിക്കുന്നത്. സമസ്തക്കാർ എക്കാലത്തും ഏറ്റി നടക്കുന്ന ദുർബലമായ ഈ പുൽക്കൊടിയിൽ നബിﷺയുടെ ഹഖ്, ജാഹ് കൊണ്ടുള്ള തെറ്റായ തവസ്സുൽ അനുവദനീയമാക്കാനുള്ള വകുപ്പൊന്നും കാണാൻ സാധ്യമല്ല. ഉണ്ടെങ്കിൽ അന്ധനായ വ്യക്തി നബിﷺയുടെ അടുത്ത് വന്ന് പ്രാർഥിക്കാൻ ആവശ്യപ്പെടുകയോ, അവിടുന്ന് പ്രാർഥന പറഞ്ഞ് കൊടുക്കുകയോ ചെയ്യുമായിരുന്നില്ല. തന്റെ പ്രാർഥനയെക്കാൾ നബിﷺയുടെ പ്രാർഥനക്ക് സ്വീകാര്യത ലഭിക്കുമെന്നത് കൊണ്ടാണ് തനിക്ക് വേണ്ടി പ്രാർഥിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടത്. നബിﷺയുടെ പ്രാർഥനക്ക് പെട്ടെന്ന് ഉത്തരം കിട്ടിയ അമാനുഷിക സംഭവമായിട്ടാണ് പണ്ഡിതന്മാർ ഇതിനെ എണ്ണിയിട്ടുള്ളത്.

മുസ്‌ലിയാർ എഴുതുന്നു: "ബദ്‌രീങ്ങളെ കാക്കണേ, മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ തുടങ്ങി സുന്നികളുടെ നാവിൽ സ്ഥിരമായി വരാറുള്ള പ്രയോഗങ്ങളും (ഇസ്തിഗാസ) മതത്തിൽ രേഖയുള്ള കാര്യങ്ങൾ തന്നെയാണ്. അല്ലാഹു നൽകുന്ന കഴിവ് കൊണ്ട് മഹാന്മാർ സഹായിക്കുമെന്ന വിശ്വാസം ഒരിക്കലും തൗഹീദിന് എതിരല്ല" (പേജ് 30).

ഇസ്‌ലാമിന്റെ ബാലപാഠം മാത്രം മനസ്സിലാക്കിയവർ പോലും ഇതുപോലുള്ള അസംബന്ധം എഴുന്നള്ളിക്കുകയില്ല. പരലോകം വരാനിരിക്കുന്നു എന്ന

ദൃഢവിശ്വാസമുള്ളവർക്ക് ഇങ്ങനെ പറയാൻ കഴിയില്ല. സമുദായത്തെ ശിർക്കിൽ തളച്ചിടാനുള്ള ഇവരുടെ ഉൽസാഹം കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്. സൃഷ്ടികളുടെ കഴിവിൽ പെടാത്ത കാര്യങ്ങൾക്ക് വേണ്ടിയുള്ള സഹായതേട്ടം അല്ലാഹുവിനോട് മാത്രമെ പാടുള്ളൂ എന്ന കാര്യം മതത്തിന്റെ അടിസ്ഥാനമാണെന്നത് ഏത് സാധാരണക്കാരനായ മുസ്‌ലിമിനും അറിയാം.

അല്ലാഹു പറയുന്നു: "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു" (ക്വുർആൻ 1:5). ഇബ്നു അബ്ബാസ്ﷺവിനെ നബിﷺ ഇങ്ങനെ പഠിപ്പിച്ചതായി കാണാം: "നീ വല്ലതും ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് തേടുക" (തിർമിദി).

അബൂഹുറയ്റﷺക്ക് കൊടുത്ത ഉപദേശങ്ങളിൽ 'നീ അല്ലാഹുവിനെ കൊണ്ട് സഹായം തേടുക' (മുസ്‌ലിം) എന്നുമുണ്ട്. ഇതെല്ലാം പ്രമാണങ്ങളിൽ ഉണ്ടായിരിക്കെ സഹായതേട്ടത്തിനായി മരിച്ചവരുടെ പിന്നാലെ പായുന്നതെന്തിനാണ്? നബിﷺക്ക് തന്നെയും ഇരുലോകത്തും കഴിയാത്ത കാര്യമെങ്ങനെയാണ് മറ്റുള്ളവർക്ക് സാധ്യമാവുക?


മുസ്‌ലിയാർ നടത്തിയ മറ്റൊരു ദുർവ്യാഖ്യാനം കാണുക: 'തിരുനബിﷺയുടെ ജീവിത കാലത്ത് സ്വഹാബികൾ സഹായാർത്ഥനയുമായി അവിടുത്തെ സവിധത്തിലെത്തിയ സംഭവങ്ങൾ ചരിത്രത്തിലുണ്ട്. സലമﷺവിന്റെ കാലിൽ ഖൈബർ യുദ്ധദിവസം വെട്ടേറ്റു. സലമﷺക്ക് അപകടം പറ്റി എന്ന് അപ്പോൾ ജനങ്ങൾ വിളിച്ചു പറഞ്ഞു. ഉടനെ അദ്ദേഹം നബിﷺയുടെ സമീപത്തെത്തി. അവിടുന്ന് അദ്ദേഹത്തിന്റെ മുറിവിൽ മൂന്ന് തവണ ഊതി. അതിനു ശേഷം അദ്ദേഹത്തിനൊരിക്കലും ആ മുറിവ് മൂലം വേദനയുണ്ടായിട്ടില്ല(ബുഖാരി)" (പേജ്,31).

നബിﷺയോടൊപ്പം ഏഴോളം യുദ്ധങ്ങളിൽ പങ്കെടുത്ത് ഒരുപാട് വിശേഷണങ്ങൾക്ക് അർഹനായി മുവത്വ യുദ്ധത്തിൽ ശഹീദായ സലമത്ബ്ൻ അൽ അക്വഹ്ﷺവിനെ സംബന്ധിച്ചുള്ളതാണിത്. ഇതിന് മുസ്‌ലിയാർ ഉദ്ദേശിച്ച ഇസ്തിഗാസയുമായി എന്ത് ബന്ധം? നബിﷺയുടെ മുഅ്ജിസത്തായി ഉണ്ടായ ഈ കാര്യത്തെ സൂത്രത്തിൽ മരണപ്പെട്ടവരോടുള്ള ഇസ്തിഗാസക്കായി തെളിവാക്കുന്നത് പ്രമാണങ്ങളോട് കാണിക്കുന്ന അനീതിയല്ലേ? ഈ സംഭവത്തെ ഇമാം ബുഖാരിﷺ 'ഖൈബർ യുദ്ധം,' ഇമാം അബൂദാവൂദ് 'മന്ത്രം എങ്ങനെ?' ഇമാം അഹ്മദ് സലമത്ബ്ൻ അക്വഹിന്റെ സംഭവം' എന്നീ തലക്കെട്ടുകൾക്ക് കീഴിലാണ് തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചിരിക്കുന്നത്. അവരൊന്നും കാണാത്ത തെളിവ് മുസ്‌ലിയാർ കണ്ടു എന്നത് അതിബുദ്ധിയോ വക്രബുദ്ധിയോ?

കാലങ്ങളായി ഇവർ ഇസ്തിഗാസക്ക് തെളിവായി ദുർവ്യഖ്യാനിച്ചുപോരുന്ന സംഭവം ഇവിടെയും മുസ്‌ലിയാർ എടുത്ത് ഉദ്ധരിക്കുന്നത് കാണുക: "തിരുനബിﷺയുടെ ജീവിതകാലത്തു മാത്രമല്ല, അവിടുത്തെ വഫാത്തിനു ശേഷവും സഹായാർത്ഥനയുമായി അവിടുത്തെ ഖബ്റിന്നരികിലെത്തുന്നത് സ്വഹാബികളുടെ ശീലമായിരുന്നു. മാലികﷺവിൽ നിന്ന് നിവേദനം: ഉമർﷺവിന്റെ കാലത്ത് കനത്ത ജലക്ഷാമം അനുഭവപ്പെട്ടു. അപ്പോൾ ഒരു സ്വഹാബി തിരുനബിﷺയുടെ ഖബ്റിന്നരികിൽ വന്നു പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ സമുദായത്തിന് വേണ്ടി അങ്ങ് അല്ലാഹുവിനോട് മഴയാവശ്യപ്പെടുക. ജനങ്ങൾ മുഴുവൻ പ്രയാസത്തിലാണ്.' പിന്നീട് നബിﷺയെ അദ്ദേഹം സ്വപ്നത്തിൽ ദർശിച്ചു. അവിടുന്ന് പറഞ്ഞു: നിങ്ങൾ ഉമർﷺവിനെ സമീപിച്ച് എന്റെ സലാം പറയണം. അവർക്ക് വെള്ളം ലഭിക്കുമെന്ന് അറിയിക്കുകയും ചെയ്യുക(അൽ ബിദായത്തു വന്നിഹായ)" (പേജ് 31).

ഈ സംഭവം ഹദീഥ് ഉദ്ധരിക്കുന്നതിൽ ക്ലിപ്തത വരുത്താത്ത മാലികിൽ നിന്നുള്ളതായതിനാൽ ഇത് സ്വഹീഹല്ല. ക്വബ്റിങ്കൽ വന്നു എന്ന് പറയപ്പെടുന്ന വ്യക്തി ആരെന്നറിയില്ല. ഒരാൾ വന്നു എന്നതിനെ സ്വഹാബിയാക്കി മുസ്‌ലിയാർ ഇവിടെ എഴുതിയത് ശുദ്ധ തട്ടിപ്പാണ്. സ്വഹാബത്ത് ജീവിതകാലത്ത് നബിﷺയോടും അബ്ബാസ്ﷺവിനോടും മഴക്ക് വേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെട്ട ശരിയായ രീതിക്ക് തീർത്തും എതിരാണിത്. ഇത്തരം ഘട്ടങ്ങളിൽ മഴക്ക് വേണ്ടി നമസ്കരിക്കണമെന്ന ഇസ്‌ലാമിന്റെ മാതൃകാപരമായ നിയമത്തിന് വിരുദ്ധവുമാണിത്. ഏതോ ഒരാളുടെ സ്വപ്നദർശനത്തിന്റെ അടിസ്ഥാനത്തിലല്ല മതത്തെ മനസ്സിലാക്കേണ്ടത്. ഒട്ടനേകം പ്രശ്നങ്ങൾ പ്രവാചകന്റെ വഫാത്തിനുശേഷം നാട്ടിൽ ഉണ്ടായിട്ടുണ്ട്. ഒരു സ്വഹാബിയും അതിനുള്ള പരിഹാരം തേടി നബിﷺയുടെ ക്വബ്റിന്റെ അരികിൽ ചെന്നോ അല്ലാതെയോ നബിയോട് സഹായം തേടിയതായി തെളിവില്ല. അല്ലാഹുവിലേക്ക് ഉയരുന്ന കൈകളെ അല്ലാഹുവിന്റെ സൃഷ്ടികളിലേക്ക് തിരിപ്പിക്കുന്നവരറിയുക; പരലോകം വരാനിരിക്കുന്നു. അവിടെ ഒരു കുതന്ത്രവും വിലപ്പോകില്ല. ●

നബീൽ പയ്യോളി
nabeelpayyoly@gmail.com



# എഞ്ചിനിയറിങ് പഠനം; പാഴാക്കുന്ന ഭാവിയും പണവും

**ഉന്നത വിദ്യാഭ്യാസരംഗത്തെ മാർക്ക്ദാനവുമായി ബന്ധപ്പെട്ട വിവാദങ്ങൾ കെട്ടടങ്ങിയിട്ടില്ല. വിദ്യാർഥി ജീവിതത്തിലെ ഏറ്റവും നിർണായകഘട്ടമാണ് ഉന്നത വിദ്യാഭ്യാസം. അത് വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ വർഷങ്ങളുടെ അധ്വാനവും സമ്പത്തും നിഷ്ഫലമാകും. ഉന്നത വിദ്യാഭ്യാസരംഗത്ത് വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, ഭരണാധികാരികൾ... തുടങ്ങി മുഴുവൻ പേരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശകലനം ചെയ്യുന്നു.**


വിദ്യാഭ്യാസ രംഗത്ത് വലിയ കുതിച്ചുചാട്ടമാണ് കഴിഞ്ഞ പതിറ്റാണ്ടുകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിട്ടുള്ളത്. വിവര സാങ്കേതിക വിദ്യയുടെ സ്വാധീനം ലോകത്തിന്റെ അകലം കുറക്കുകയും വിജ്ഞാന വിപ്ലവത്തിന് വേഗം കൂട്ടുകയും ചെയ്തു. ഇന്ത്യയിലും വിദ്യാഭ്യാസ രംഗത്ത് വലിയ പുരോഗതിയാണ് ഇക്കാലയളവിൽ ഉണ്ടായത്. കേരളം സമ്പൂർണ സാക്ഷരതയുള്ള സംസ്ഥാനമാണെങ്കിലും വികസന രംഗത്തും ലോകത്തിന്റെ മാറ്റങ്ങൾ ഉൾകൊള്ളുന്നതിലും പലപ്പോഴും അൽപം പിന്നിലായിരുന്നു എന്നതാണ് ചരിത്രം. അതിന് സാമൂഹ്യവും രാഷ്ട്രീയവുമായ നിരവധി കാരണങ്ങൾ ഉണ്ട്. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ വിസമ്മതം പ്രകടിപ്പിച്ചതിന്റെ ഫലമാണ് കേരളത്തിന്റെ വിഭവശേഷിക്കനുസരിച്ച് അത്തരം മേഖലക

ളിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കാതെ പോയത്. മലയാളികൾ ഉയർന്ന ബൗദ്ധിക നിലവാരം പുലർത്തുന്നവരാണ്. അത് മനസ്സിലാക്കിയവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടു കാലത്ത് വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾക്കാണ് കേരളം സാക്ഷിയായത്. പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്ത്. കേരളത്തിലെ വിദ്യാർഥികൾ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. പ്രൈമറി തലം മുതലുള്ള വിദ്യാഭ്യാസ മേഖലകളിൽ ഉണ്ടായ ക്രിയാത്മകമായ മാറ്റങ്ങൾ മിടുക്കരായ ധാരാളം വിദ്യാർഥികളെ വാർത്തെടുക്കാൻ സാഹചര്യം ഒരുക്കി. പക്ഷേ, അവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ സ്ഥാപനങ്ങൾ കേരളത്തിൽ ഇല്ലാത്ത സാഹചര്യത്തെ അന്യസംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി. കേരളത്തിന് പുറത്തുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നത് പലപ്പോഴും ഭാഷ കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവും സ്ഥാപനങ്ങളിലെ നടപടിക്രമങ്ങളെ കുറിച്ചുള്ള ധാരണക്കുറവും ചൂഷണം ചെയ്യാൻ ഇടനിലക്കാർ തക്കംപാർത്ത് നിൽക്കുന്ന സാഹചര്യം. അത് ലോബികളായി മാറുകയും അവർ മുഖേന കാര്യങ്ങൾ ചെയ്തില്ലെങ്കിൽ അഡ്മിഷൻ ലഭിക്കുകയില്ല എന്ന രീതിയിൽ വരെ എത്തുകയും ചെയ്തു. ഇടനിലക്കാരന് വൻതുകയും സ്ഥാപനങ്ങളിൽ തലവരി പണവും കൊടുത്ത് അഡ്മിഷൻ തരപ്പെടുത്തേണ്ട അവസ്ഥ രക്ഷിതാക്കളെ തെല്ലൊന്നുമല്ല കണ്ണീർ കുടിപ്പിച്ചത്.

ഇതിന് പരിഹാരം എന്ന നിലക്കാണ് കേരളത്തിൽ കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ കേരള സർക്കാർ തീരുമാനിക്കുന്നത്. 2001ൽ 5 മെഡിക്കൽ കോളേജുകളും 12 എഞ്ചിനീയറിംഗ് കോളേജുകളും മാത്രമായിരുന്നു കേരളത്തിൽ ഉണ്ടായിരുന്നത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഗവൺമെന്റ്, എയ്ഡഡ് തലങ്ങളിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വിലങ്ങുതടിയായ സാഹചര്യത്തിലാണ് സ്വാശ്രയ കോളേജുകൾ തുടങ്ങാൻ ആന്റണി സർക്കാർ ആലോചിക്കുന്നത്; പ്രസ്തുത കോളേജുകളിൽ 50 ശതമാനം സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്താമെന്ന ധാരണയിൽ. രണ്ട് സ്വാശ്രയ കോളേജുകൾ ഒരു സർക്കാർ കോളേജിന് തുല്യമാണ് എന്നതായിരുന്നു അന്ന് ധാരണ. സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെ അർഹരായവർക്ക് സർക്കാർ ഫീസ് നൽകി പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കാം എന്ന സാഹചര്യം വലിയ പ്രതീക്ഷ നൽകി. പിന്നീട് വിവാദങ്ങളിലൂടെയാണ് സ്വാശ്രയ വിദ്യാഭ്യാസ മേഖല കടന്നുപോയത്. വാഗ്ദാനങ്ങൾ പലതും വിസ്മരിക്കപ്പെട്ടു. കേരളത്തിൽ 2016 ആയപ്പോൾ പുറമെ 24 മെഡിക്കൽ കോളേജുകളും 119 എഞ്ചിനീയറിംഗ് കോളേജുകളും 19 ഡെന്റൽ കോളേജുകളും 14 ആയുർവേദ കോളേജുകളും ഒട്ടനവധി മാനേജ്മെന്റ് പഠന സ്ഥാപനങ്ങളും ആരംഭിച്ചു. ഇന്ന് സംസ്ഥാനത്ത് 144 എഞ്ചിനിയറിയിങ് കോളേജുകൾ ഉണ്ട്.

സാങ്കേതിക വിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനും അക്കാദമിക നിലവാരം ഉയർത്താനും സാങ്കേതിക സർവകലാശാല എന്ന ആശയം സർക്കാർ മുന്നോട്ട് വെക്കുകയും 2014 മെയ് 21 ന് മുൻ രാഷ്ട്രപതി ഡോ. എ.പി. ജെ അബ്ദുൽകലാമിന്റെ നാമധേയത്തിൽ കേരള സാങ്കേതിക സർവകലാശാല നിലവിൽ വരികയും



**കഴിഞ്ഞ രണ്ട് പതിറ്റാണ്ടു കാലത്ത് വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾക്കാണ് കേരളം സാക്ഷിയായത്. പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്ത്. കേരളത്തിലെ വിദ്യാർഥികൾ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. പ്രൈമറി തലം മുതലുള്ള വിദ്യാഭ്യാസ മേഖലകളിൽ ഉണ്ടായ ക്രിയാത്മകമായ മാറ്റങ്ങൾ മിടുക്കരായ ധാരാളം വിദ്യാർഥികളെ വാർത്തെടുക്കാൻ സാഹചര്യം ഒരുക്കി. പക്ഷേ, അവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ സ്ഥാപനങ്ങൾ കേരളത്തിൽ ഇല്ലാത്ത സാഹചര്യത്തെ അന്യസംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി.**

ചെയ്തു. വിവിധ സർവകലാശാലകളുടെ കീഴിലായിരുന്ന കോളേജുകൾ ഒരു സർവകലാശാലയുടെ കീഴിലായി. എഞ്ചിനിയറിങ് വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്താൻ ആരംഭിച്ച സർവകലാശാലയുടെ മേൽനോട്ടത്തിൽ നടന്ന ആദ്യ ബി.ടെക് പരീക്ഷാഫലം നിരാശാജനകമായിരുന്നു. 36.47 ആയിരുന്നു വിജയ ശതമാനം എന്നത് ഏറെ ആശങ്കയോടെയാണ് രക്ഷിതാക്കളും വിദ്യാർഥി സമൂഹവും നോക്കിക്കാണുന്നത്. 35,104 വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷയിൽ 12,803 പേർ മാത്രമാണ് വിജയിച്ചത്. 60 ശതമാനത്തിൽ കൂടുതൽ വിജയം നേടാൻ ഏഴ് സ്ഥാപനങ്ങൾക്ക് മാത്രമേ സാധിച്ചിട്ടുള്ളൂ. ഒരു വിദ്യാർഥി പോലും വിജയിക്കാത്ത രണ്ട് കോളേജുകളും 20 മുതൽ 40 ശതമാനം വിജയമുള്ള 68 കോളേജുകളുണ്ട്. 25 കോളേജുകളാണ് 40 നും 60 നും ഇടയിൽ വിജയ ശതമാനം നേടിയത്. 43 കോളേജുകളുടെ വിജയ ശതമാനം 20ൽ താഴെയാണ്.

സിവിൽ എഞ്ചിനിയറിങ്ങിലാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ വിജയിച്ചത്; 2983 പേർ. കംപ്യൂട്ടർ സയൻസിൽ 2526 പേരും മെക്കാനിക്കലിൽ 2233 പേരും വിജയം നേടി. എയ്ഡഡ് കോളേജുകളുടെ വിജയ ശതമാനം 56.58 ആണ്. സർക്കാർ കോളേജുകളിൽ 50.95 ഉം സർക്കാർ സ്വാശ്രയ കോളേജുകളിൽ 41 ഉം സ്വകാര്യ കോളേജുകളിൽ 32.07ഉം ആണ് വിജയ ശതമാനം.


ദീർഘനാളത്തെ പരിശ്രമങ്ങളുടെ ഫലമായി തന്റെ ഭാവി നിർണയിക്കുന്ന ഘട്ടമാണ് വിദ്യാർഥിക്ക് ഉന്നത വിദ്യാഭ്യാസ കാലം. ജീവിതത്തിലെ സ്വപനങ്ങൾ പൂവണിയേണ്ട കാലം നിരാശാജനകമായ ഫലം സമ്മാനിക്കുന്നത് ശൂന്യതയാണ്. താൻ നേടിയ വിദ്യാഭ്യാസത്തിന് ജീവിതത്തെ കരുപ്പിടിപ്പിക്കാൻ സാധിക്കുന്നില്ല എന്നത് ഏതൊരു വിദ്യാർഥിയെ സംബന്ധിച്ചേടത്തോളവും വലിയ പ്രതിസന്ധികൾക്ക് കാരണമാകും. രക്ഷിതാക്കളാണ് ഈ പ്രശ്നത്തിന്റെ മറ്റൊരു ഇര. ജീവിതകാലം ചോരനീരാക്കി അധ്വാനിച്ചതിന്റെ ഫലമായും പലരുടെയും പക്കൽ നിന്ന് വായ്പ എടുത്തുമാണ് അവർ ഉന്നത വിദ്യാഭ്യാസത്തിന് മക്കൾക്ക് സൗകര്യമൊരുക്കിയത്. അവർക്ക് പ്രതീക്ഷ നഷ്ടപ്പെടുമ്പോൾ പിടിച്ചുനിൽക്കാൻ സാധിക്കാതെ വന്നേക്കാം.

വിജയ ശതമാനം പരിശോധിക്കുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളിലും സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലും പഠിക്കുന്ന വലിയൊരു വിഭാഗം വിദ്യാർഥികൾ പരാജയപ്പെടുന്നു എന്നത് അത്ഭുതാവഹമാണ്. വിദ്യാർഥികളെ പരാജയപ്പെടുത്താൻ വേണ്ടിയാണോ പരീക്ഷ എന്ന് തോന്നിപ്പോകുമാറ് ഗുരുതരമായ പാകപ്പിഴകൾ പരീക്ഷ നടത്തിപ്പിലോ വിദ്യാഭ്യാസ രംഗത്തോ ഉണ്ടെന്ന് വേണം കരുതാൻ. ഏകദേശം മൂന്നിൽ ഒന്ന് വിദ്യാർഥികൾ പരാജയപ്പെടുന്നു എന്നത് നമ്മെ ആഴത്തിൽ ചിന്തിപ്പിക്കേണ്ട കാര്യമാണ്.

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ സിലബസ്, സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർഥികൾക്ക് ആവശ്യമായ പഠന സാഹചര്യങ്ങൾ, പരീക്ഷ നടത്തിപ്പ് തുടങ്ങിയവയിൽ കാണുന്ന അപാകതകൾ പരിഹരിക്കണം. വിദ്യാഭ്യാസം എന്നത് ഒരു ക്രിയാത്മക സമൂഹ സൃഷ്ടിയുടെ അനിവാര്യ ഘടകമാണ് അത് ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ ജാഗ്രത സമൂഹത്തിന് ഉണ്ടാവണം. സ്വന്തം മക്കൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം ലഭിക്കാൻ ലക്ഷങ്ങളാണ് ഓരോ രക്ഷിതാവും മുടക്കുന്നത്. ഒരു വിദ്യാർഥിയെ സംബന്ധിച്ചേടത്തോളം അവന്റെ ഭാവിനിർണയിക്കുന്ന ഘട്ടമാണിത്. ഈ രണ്ട് വശങ്ങളും പരിഗണിച്ചു കൊണ്ടാവണം സർക്കാരും സ്ഥാപന മേധാവികളും ഉദ്യോഗസ്ഥരും വിദ്യാർഥി സംഘടനകളും രാഷ്ട്രീയ പ്രവർത്തകരും വിദ്യാഭ്യാസ മേഖലകളിൽ ഇടപെടേണ്ടതും പരിപാടികൾ തീരുമാനിക്കേണ്ടതും. ലക്ഷ്യം സംഘടനാതാൽപര്യങ്ങൾ സംരക്ഷിക്കലാകരുത്.

**വിദ്യാഭ്യാസ രംഗത്ത് വിദ്യാർഥിസമൂഹത്തിന് ദിശാബോധം നൽകുകയും അവരെ ഉന്നതിയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുക എന്നതാവണം നമ്മുടെ ലക്ഷ്യം. വിദ്യാർഥിത്വം ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധ്യമാകണം. സക്രിയമായ ഇടപെടലുകൾക്ക് കളമൊരുക്കണം. പഠനകാലാം പഠിക്കാനുള്ളതാണെന്നും പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ തങ്ങളുടെ അജണ്ടയിൽ ഉണ്ടാവാൻ പാടില്ലെന്നും വിദ്യാർഥികളെ ബോധ്യപ്പെടുത്താൻ സാധിക്കണം. അക്രമവും അധാർമികതകളും തങ്ങളുടെ പ്രതീക്ഷകളെ തകർത്തെറിയുമെന്നും പാഴ്ജന്മങ്ങളായി തങ്ങൾ മാറുമെന്നുമുള്ള തിരിച്ചറിവ് അവർക്കുണ്ടാവണം. മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിക്കലും പൊതുമുതൽ തല്ലിത്തകർക്കലുമല്ല ധീരതയെന്നും ഉന്നത വിദ്യാഭ്യാസം നേടി ലോകത്തിന് മുന്നിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കലാണ് ധീരതയെന്നും അവരെ പഠിപ്പിക്കണം.**

**പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ സിലബസ്, സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർഥികൾക്ക് ആവശ്യമായ പഠന സാഹചര്യങ്ങൾ, പരീക്ഷ നടത്തിപ്പ് തുടങ്ങിയവയിൽ കാണുന്ന അപാകതകൾ പരിഹരിക്കണം. വിദ്യാഭ്യാസം എന്നത് ഒരു ക്രിയാത്മക സമൂഹ സൃഷ്ടിയുടെ അനിവാര്യ ഘടകമാണ് അത് ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ ജാഗ്രത സമൂഹത്തിന് ഉണ്ടാവണം. സ്വന്തം മക്കൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം ലഭിക്കാൻ ലക്ഷങ്ങളാണ് ഓരോ രക്ഷിതാവും മുടക്കുന്നത്. ഒരു വിദ്യാർഥിയെ സംബന്ധിച്ചേടത്തോളം അവന്റെ ഭാവിനിർണയിക്കുന്ന ഘട്ടമാണിത്. ഈ രണ്ട് വശങ്ങളും പരിഗണിച്ചു കൊണ്ടാവണം സർക്കാരും സ്ഥാപന മേധാവികളും ഉദ്യോഗസ്ഥരും വിദ്യാർഥി സംഘടനകളും രാഷ്ട്രീയ പ്രവർത്തകരും വിദ്യാഭ്യാസ മേഖലകളിൽ ഇടപെടേണ്ടതും പരിപാടികൾ തീരുമാനിക്കേണ്ടതും. ലക്ഷ്യം സംഘടനാ താൽപര്യങ്ങൾ സംരക്ഷിക്കലാകരുത്.**



വിദ്യാഭ്യാസ മേഖല പലപ്പോഴും വിവാദങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും വേദിയായിട്ടുള്ളതാണ്. സർക്കാരും മാനേജ്മെന്റുകളും തമ്മിലുള്ള നിരന്തരയുദ്ധം പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ കാര്യമായി ബാധിച്ചിട്ടുണ്ടെന്ന് പറയാതെ വയ്യ. തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി രാഷ്ട്രീയക്കാരും കച്ചവട താൽപര്യങ്ങൾ സംരക്ഷിക്കാൻ മാനേജ്മെന്റുകളും ശ്രമിക്കുമ്പോൾ ശാന്തമായ പഠനാന്തരീക്ഷം നഷ്ടമാവുകയും കലാപകലുഷിതമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. രാഷ്ട്രീയക്കാരും വിദ്യാർഥി സംഘടനകളും ഇതിന്റെ ഭാഗമായി മാറുന്നതോടെ പഠന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന അവസ്ഥയുണ്ടാകുന്നു.

### രാഷ്ട്രീയക്കാരോട്

വിദ്യാഭ്യാസം എന്നത് ഉത്തമ സമൂഹ സൃഷ്ടിക്ക് അനിവാര്യമാണ് എന്നതിനാൽ ആ രംഗത്ത് ക്രിയാത്മക നിലപാടെടുക്കാനുള്ള മനസ്സ് നമുക്കുണ്ടാവണം. ലോകരാജ്യങ്ങളിലേക്ക് കണ്ണോടിച്ചാൽ വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിലെ സമൂഹത്തിന്റെ ദയനീയാവസ്ഥ നമുക്ക് കാണാൻ സാധിക്കും. അത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതുണ്ട്. പ്രതിലോമകരമായ നിലപാടുകൾക്കപ്പുറത്ത് ക്രിയാത്മക ചിന്തകളും നിലപാടുമാണ് നമുക്ക് ഉണ്ടാവേണ്ടത്. വിദ്യാഭ്യാസ നയരൂപീകരണനത്തിലും അത് ഫലപ്രദമായി നടപ്പിലാക്കുന്നതിലും കക്ഷി രാഷ്ട്രീയ ഭേദമന്യെ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകൾ ഉണ്ടാകണം. അപ്പോൾ ഈ പുതുതലമുറ നിങ്ങളെ അംഗീകരിക്കും. മറിച്ചാണെങ്കിൽ അരാഷ്ട്രീയ വാദം അവരിൽ നാമ്പെടുക്കും. അത് നമ്മുടെ നാടിന്റെ സംവിധാനങ്ങളെ തകിടം മറിക്കുന്ന രീതിയിലേക്ക് മാറുകയും ചെയ്യും.

### വിദ്യാർഥി സംഘടനകളോട്

വിദ്യാഭ്യാസ രംഗത്ത് വിദ്യാർഥിസമൂഹത്തിന് ദിശാബോധം നൽകുകയും അവരെ ഉന്നതിയിലേക്ക് കൈപിടിച്ചുയത്തുകയും ചെയ്യുക എന്നതാവണം നമ്മുടെ ലക്ഷ്യം. വിദ്യാർഥിത്വം ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധ്യമാകണം. സക്രിയമായ ഇടപെടലുകൾക്ക് കളമൊരുക്കണം. പഠനകാലാം പഠിക്കാനുള്ളതാണെന്നും പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ തങ്ങളുടെ അജണ്ടയിൽ ഉണ്ടാവാൻ പാടില്ലെന്നും വിദ്യാർഥികളെ ബോധ്യപ്പെടുത്താൻ സാധിക്കണം. അക്രമവും അധാർമികതകളും തങ്ങളുടെ പ്രതീക്ഷകളെ തകർത്തെറിയുമെന്നും പാഴ്ജന്മങ്ങളായി നാം മാറുമെന്നുമുള്ള തിരിച്ചറിവ് അവർക്കുണ്ടാവണം. മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിക്കലും പൊതുമുതൽ തല്ലിത്തകർക്കലുമല്ല ധീരതയെന്നും ഉന്നത വിദ്യാഭ്യാസം നേടി ലോകത്തിന് മുന്നിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കലാണ് ധീരതയെന്നും അവരെ പഠിപ്പിക്കണം. പഠന, ഗവേഷണ രംഗത്ത്

**വിദ്യാഭ്യാസ രംഗത്തെ അപക്വമായ ഇടപെടലുകൾ നാളെയുടെ നായകരെ ഇല്ലാതാക്കുകയേ ചെയ്യൂ. തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കിടയിൽ വിദ്യാർഥികൾ ചതഞ്ഞരയുവാൻ പാടില്ല. ദീർഘവീക്ഷണവും ജാഗ്രതയും അനിവാര്യമാണ്. കോളേജുകളിലെ പഠന നിലവാരം ഉറപ്പ് വരുത്താൻ സംവിധാനങ്ങൾ ഉണ്ടാകണം. ലോകത്ത് നടക്കുന്ന വിദ്യാഭ്യാസ മാറ്റങ്ങളോട് പുറംതിരിഞ്ഞു നിൽക്കാതെ അത് നമ്മുടെ സമൂഹത്തിനും ലഭ്യമാക്കാൻ ആവശ്യമായ കർമ പദ്ധതികൾ ആവിഷ്‌കരിച്ച് നടപ്പിലാക്കണം. കേരളത്തിൽ നിന്നും ആയിരക്കണക്കിന് വിദ്യാർഥികൾ ഇന്നും അന്യസംസ്ഥാനങ്ങളിലും വിദേശങ്ങളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. കേരളത്തിലെ പല കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴാണിതെന്ന് ഓർക്കണം. സിലബസ് ക്രമീകരണത്തിലും പരീക്ഷ നടത്തിപ്പിലും കുറ്റമറ്റ സംവിധാനങ്ങൾ ഒരുക്കണം.**

മികവ് പുലർത്താനും സാമൂഹ്യ പ്രതിബദ്ധതയും ബോധവും ഉണ്ടാക്കിയെടുക്കാനും വിദ്യാർഥി സമൂഹത്തെ പാകപ്പെടുത്തലാവണം വിദ്യാർഥി സംഘടനകളുടെ പ്രധാന ദൗത്യം. ചോരത്തിളപ്പ് പ്രായത്തിലുള്ള തലമുറയെ റാഞ്ചാൻ ക്യാംപസുകളിൽ പതിയിരിക്കുന്ന മദ്യ, മയക്കുമരുന്ന് മാഫിയകൾക്കും തീവ്രവാദ സംഘങ്ങൾക്കും അധാർമികതയുടെ വാഹകർക്കും പുതുതലമുറയെ വിട്ടുകൊടുക്കരുത്. അവർക്ക് വളമേകുന്ന നയങ്ങളും സമീപനങ്ങളും നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടായിക്കൂടാ. രക്തസാക്ഷികളെ സൃഷ്ടിക്കലല്ല നാളെയുടെ നായകരെ വളർത്തിയെടുക്കലാണ് നമ്മുടെ ദൗത്യം എന്ന തിരിച്ചറിവുണ്ടാവണം. കലാപകലുഷിതമായ ക്യാമ്പസുകളിൽ ശാന്തിയുണ്ടാവാൻ ബോധപൂർവമായ ഇടപെടലുണ്ടാകണം.

### രക്ഷിതാക്കളോട്

പണംകൊണ്ട് എന്തും നേടാം എന്നത് മിഥ്യാധാരണയാണ്. ഓരോ വ്യക്തിയും തികച്ചും വ്യത്യസ്തരാണ്; അവരുടെ കഴിവും. കോഴ്‌സുകൾ തെരഞ്ഞെടുക്കുന്നിടത്ത് കുട്ടികളുടെ അഭിരുചി അന്വേഷിക്കാനും അതിനനുസരിച്ച് മുന്നോട്ട് പോകാനുമുള്ള സ്വാതന്ത്ര്യവും അവർക്ക് നൽകണം. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ അടിച്ചേൽപിക്കരുത്. മെഡിക്കലിനും എഞ്ചിനിയറിങ്ങിനും അപ്പുറം നൂറുകണക്കിന് കോഴ്‌സുകൾ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഉണ്ട്. ഭാഷയും മാനവിക വിഷയങ്ങളും തുടങ്ങി വിശാലമായ പഠന മേഖലകൾ.

### മാനേജ്‌മെന്റുകളോട്

വിദ്യാഭ്യാസം എന്നത് ഒരു വിൽപനച്ചരക്കല്ല. മറിച്ച്, അത് സമൂഹ സൃഷ്ടിയുടെ അടിത്തറയാണ്. കച്ചവട താൽപര്യങ്ങളോടെ മാത്രം വിദ്യാഭ്യാസ രംഗത്തെ സമീപിക്കരുത്. സേവന മനോഭാവവും നല്ല ദീർഘവീക്ഷണവും ഉണ്ടാവണം. തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കും സാമ്പത്തിക സമാഹരണത്തിനും വേണ്ടി നെട്ടോട്ടമോടുമ്പോൾ തകരുന്നത് വലിയ ഒരു സമൂഹത്തിന്റെ പ്രതീക്ഷകളാണ്. നാളെയുടെ നായകന്മാരെയാണ് നാം ഇല്ലാതാക്കുന്നതെന്ന തിരിച്ചറിവ് ഉണ്ടാവണം. ജിഷ്ണു പ്രാണോയ് അടക്കം മാനേജ്‌മെന്റുകളുടെ ദുഷ്ടലാക്കിന്റെ രക്തസാക്ഷികൾ ഇനി നമ്മുടെ സ്ഥാപനങ്ങളിൽ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത പുലർത്തണം.

### അധികാരിവർഗം കണ്ണുതുറക്കണം

വിദ്യാഭ്യാസ രംഗത്തെ അപക്വമായ ഇടപെടലുകൾ നാളെയുടെ നായകരെ ഇല്ലാതാക്കുകയേ ചെയ്യൂ. തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കിടയിൽ വിദ്യാർഥികൾ ചതഞ്ഞരയുവാൻ പാടില്ല. ദീർഘവീക്ഷണവും ജാഗ്രതയും അനിവാര്യമാണ്. കോളേജുകളിലെ പഠന നിലവാരം ഉറപ്പ് വരുത്താൻ സംവിധാനങ്ങൾ ഉണ്ടാകണം. ലോകത്ത് നടക്കുന്ന വിദ്യാഭ്യാസ മാറ്റങ്ങളോട് പുറംതിരിഞ്ഞു നിൽക്കാതെ അത് നമ്മുടെ സമൂഹത്തിനും ലഭ്യമാക്കാൻ ആവശ്യമായ കർമ പദ്ധതികൾ ആവിഷ്‌കരിച്ച് നടപ്പിലാക്കണം. കേരളത്തിൽ നിന്നും ആയിരക്കണക്കിന് വിദ്യാർഥികൾ ഇന്നും അന്യസംസ്ഥാനങ്ങളിലും വിദേശങ്ങളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. കേരളത്തിലെ പല കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴാണിതെന്ന് ഓർക്കണം. സിലബസ് ക്രമീകരണത്തിലും പരീക്ഷ നടത്തിപ്പിലും കുറ്റമറ്റ സംവിധാനങ്ങൾ ഒരുക്കണം.

പഠിച്ചിറങ്ങുന്നവർക്ക് ജോലി നൽകാൻ സാധിക്കണം. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പകച്ചുനിൽക്കാതെ ദീർഘവീക്ഷണത്തോടെയുള്ള തൊഴിൽപദ്ധതികൾ ആവിഷ്‌കരിച്ച് നടപ്പിലാക്കണം. ഉയർന്ന ബൗദ്ധിക നിലവാരം പുലർത്തുന്ന മലയാളികളെ തേടി തൊഴിൽദായകർ എത്തണം. അത് നാടിന്റെ സർവതോന്മുഖ വികസനത്തിന് വഴിയൊരുക്കും. സർക്കാർ-സ്വകാര്യമേഖല പങ്കാളിത്തത്തോടെ അത്തരം പദ്ധതികൾ വൈകാതെ ഉണ്ടാവണം. അതിന് നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം. ●

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹി)
വിവർത്തനം: ശമീർ മദീനി



ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയയുടെ 'റഫ്ഉൽ മലാം' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം



# നിഷിദ്ധങ്ങളെ സൂക്ഷിക്കുക

**ശി**ക്ഷയെ സംബന്ധിച്ച് ഖണ്ഡിതമായ തെളിവില്ല എന്നത് ശിക്ഷയില്ല എന്നതിനുള്ള രേഖയാണെന്ന് പറയാനൊക്കുകയില്ല. മുസ്ഹഫിലുള്ളതിനെക്കാൾ അധികരിച്ചുവന്ന മുതവാത്തിറല്ലാത്ത കിറാഅത്തുകളുടെ കാര്യത്തിലേതുപോലെ. തെളിവ് സ്ഥിരപ്പെട്ടില്ല എന്നുള്ളതുകൊണ്ട് ഒരു ആശയം ഇല്ല എന്നുവരുന്നില്ല. ഏതെങ്കിലും ഒരു വൈജ്ഞാനിക കാര്യം ഖണ്ഡിതമായ തെളിവ് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല എന്നതിന്റെ പേരിൽ ശക്തമായി നിഷേധിക്കുന്ന രീതി ചില വചന ശാസ്ത്ര (ഇൽമുൽ കലാം) വിഭാഗക്കാരുടെ രീതി പോലെ വ്യക്തമായ അബദ്ധമാണ്. എന്നാൽ ഒരു കാര്യം ഉണ്ടെന്നത് അതിനുള്ള തെളിവിനെ താൽപര്യപ്പെടുന്നുണ്ട് എന്നത് നാം മനസ്സിലാക്കിയാൽ പ്രസ്തുത തെളിവില്ലാത്തതിനാൽ അനുബന്ധമായ ആ കാര്യം ഇല്ലായെന്ന് നാം ഉറപ്പിക്കും.

അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ മതവും റിപ്പോർട്ടുചെയ്യാവുന്ന വിധം അതിനാവശ്യമായ ഘടകങ്ങളും സൗകര്യങ്ങളും യഥേഷ്ടമുണ്ടായിരുന്നു എന്നത് നമുക്ക് ബോധ്യമുള്ള സംഗതിയാണ്. മറ്റുള്ളവരിലേക്ക് കൈമാറൽ അനിവാര്യമായ ഏതെങ്കിലും ഒരു കാര്യം മറച്ചുവെക്കുകയെന്നത് ഈ സമുദായത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകുവാൻ പാടുള്ളതല്ല. അതിനാൽ അഞ്ചുനേരത്തെ നിർബന്ധ നമസ്കാരത്തിനു പുറമെ ആറാമതൊരു നിർബന്ധ നമസ്കാരമോ ക്വുർആനിലെ 114 അധ്യായങ്ങൾക്കു പുറമെ വേറെ ഏതെങ്കിലും ഒരു അധ്യായമോ ഉദ്ധരിക്കപ്പെടാത്തിടത്തോളം അങ്ങനെയൊന്നില്ല എന്ന് നമുക്ക് ദൃഢമായ അറിവു നൽകുന്നുണ്ട്.

എന്നാൽ ശിക്ഷയെ സംബന്ധിച്ചു പറയുന്ന കാര്യം ഇപ്പറഞ്ഞ രൂപത്തിലല്ല. ഏതെങ്കിലും ഒരു കാര്യം ചെയ്താലുള്ള ശിക്ഷയെ പറ്റി പറയുന്ന ഹദീഥ് 'മുതവാത്തിറായി' ഉദ്ധരിക്കപ്പെടണമെന്ന് നിർബന്ധമില്ല; പ്രസ്തുത പ്രവർത്തിയുടെ മതവിധിയെ അറിയിക്കുന്ന റിപ്പോർട്ടുകളും മുതവാത്തിറാകണമെന്ന് നിർബന്ധമില്ലാത്തത് പോലെ തന്നെ. ശിക്ഷയെ സംബന്ധിച്ച് താക്കീത് ഉൾക്കൊള്ളുന്ന ഹദീഥുകളുടെ താൽപര്യമനുസരിച്ച് പ്രവർത്തിക്കൽ അനിവാര്യമാണ്. അതായത്, ആ കാര്യം ചെയ്യുന്നയാൾക്ക് പ്രസ്തുത ശിക്ഷകൊണ്ട് താക്കീതു നൽകപ്പെടണം. എന്നാൽ ആ ശിക്ഷ അയാൾക്ക് ഏൽക്കേണ്ടി വരുമോ എന്നത് ചില നിബന്ധനകളുടെ (ശുറൂത്ത്)യും ചില തടസ്സങ്ങളുടെ(മവാനിഅ്)യും അടിസ്ഥാനത്തിലാണ് പറയേണ്ടത്. ഈ തത്ത്വം ചില ഉദാഹരണങ്ങളിലൂടെ വ്യക്തമാകുന്നതാണ്.

**ഏതെങ്കിലും ഒരു കാര്യം ചെയ്താലുള്ള ശിക്ഷയെ പറ്റി പറയുന്ന ഹദീഥ് 'മുതവാത്തിറായി' ഉദ്ധരിക്കപ്പെടണമെന്ന് നിർബന്ധമില്ല; പ്രസ്തുത പ്രവർത്തിയുടെ മതവിധിയെ അറിയിക്കുന്ന റിപ്പോർട്ടുകളും മുതവാത്തിറാകണമെന്ന് നിർബന്ധമില്ലാത്തത് പോലെ തന്നെ. ശിക്ഷയെ സംബന്ധിച്ച് താക്കീത് ഉൾക്കൊള്ളുന്ന ഹദീഥുകളുടെ താൽപര്യമനുസരിച്ച് പ്രവർത്തിക്കൽ അനിവാര്യമാണ്. അതായത്, ആ കാര്യം ചെയ്യുന്നയാൾക്ക് പ്രസ്തുത ശിക്ഷകൊണ്ട് താക്കീതു നൽകപ്പെടണം. എന്നാൽ ആ ശിക്ഷ അയാൾക്ക് ഏൽക്കേണ്ടി വരുമോ എന്നത് ചില നിബന്ധനകളുടെ (ശുറൂത്ത്)യും ചില തടസ്സങ്ങളുടെ(മവാനിഅ്)യും അടിസ്ഥാനത്തിലാണ് പറയേണ്ടത്.**

നബിﷺ പലിശയുമായി ബന്ധപ്പെട്ട് ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്: "പലിശ തിന്നുന്നവനെയും അത് തീറ്റുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു" (മുസ്ലിം).

അപ്രകാരം തന്നെ ഒരു 'സ്വാഅ്' നല്ല കാരക്കയ്ക്ക് പകരം രണ്ട് 'സ്വാഅ്' താഴ്ന്ന കാരക്ക റൊക്കമായി വിറ്റയാളോട് 'ഹാവൂ! തനിപ്പലിശ' എന്നും നബിﷺ പറഞ്ഞത് സ്ഥിരപ്പെട്ടിട്ടുണ്ട് (ബുഖാരി).

ഗോതമ്പ് ഗോതമ്പുമായി കച്ചവടം ചെയ്യുമ്പോഴും തുല്യമായതല്ലായെങ്കിൽ പലിശയാകുമെന്നും ഹദീഥിൽ വന്നിട്ടുണ്ട് (ബുഖാരി, മുസ്ലിം).

ഈ ഹദീഥുകൾ അറിയിക്കുന്നത് രണ്ടുതരം പലിശകളും മേൽപറയപ്പെട്ട ഹദീഥിന്റെ താൽപര്യത്തിൽ വരുമെന്നാണ്. അഥവാ മിച്ചപ്പലിശ(രിബൽ ഫദ്ൽ)യും അവധിപ്പലിശ(രിബന്നസീഅ)യും. എന്നാൽ 'പലിശ അവധിപ്പലിശയിലാണ്' എന്ന പ്രവാചക വചനം ലഭിച്ചവരാകട്ടെ, രണ്ടു സ്വാഇനു പകരമായി ഒരു സ്വാഅ് റൊക്കമായി കച്ചവടം ചെയ്യുന്നത് അനുവദനീയമാണെന്ന് മനസ്സിലാക്കി; ഇബ്നു അബ്ബാസ്ؓവും അദ്ദേഹത്തിന്റെ ശിഷ്യന്മാരും മനസ്സിലാക്കിയതുപോലെ- അതായത്, അബൂശ്ശഅ്ഥാഅ്ؓ, അത്വാഅ്ؓ, ത്വാവൂസ്ؓ, സഈദുബ്നു ജുബൈർؓ, ഇക്‌രിമؓ മുതലായ മക്കയിലെ പണ്ഡിതന്മാർ. അവരാകട്ടെ അറിവുകൊണ്ടും കർമംകൊണ്ടും ഈ ഉമ്മത്തിലെ ശ്രേഷ്ഠരായ വ്യക്തിത്വങ്ങളാണ്താനും. ഇവരിൽ ആരെയെങ്കിലും ഒരാളെ സംബന്ധിച്ചോ, അതല്ലെങ്കിൽ അവരെ പിൻപറ്റിക്കൊണ്ട് പറഞ്ഞ ആരെയെങ്കിലും സംബന്ധിച്ചോ പലിശ തിന്നുന്നവർക്കുള്ള ശാപം ഇവർക്കും ബാധിക്കുമെന്ന് ഒരു മുസ്ലിമിന് പറയാൻ പാടുള്ളതല്ല. എന്തു കൊണ്ടെന്നാൽ അവർ അപ്രകാരം പറഞ്ഞത് മൊത്തത്തിൽ വ്യാഖ്യാനത്തിന് സാധ്യതയുള്ള ഒരു വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതിനാലവർ ആക്ഷേപാർഹരല്ല. മാത്രവുമല്ല ഇബ്നു അബ്ബാസുംؓ തന്റെ ചില ശിഷ്യന്മാരും ഈ അഭിപ്രായത്തിൽ നിന്ന് മടങ്ങിയതായും പറയപ്പെടുന്നുണ്ട്. എന്നാൽ ആ അഭിപ്രായത്തിൽ നിന്നും മടങ്ങാത്തവരെ സംബന്ധിച്ചടത്തോളം അവർക്ക് ഈ വിഷയത്തിലുള്ള ഹദീഥ് ലഭിച്ചിട്ടില്ലാത്തതിനാൽ അവർ ഒഴികഴിവുള്ളവരാണ്.

അപ്രകാരം തന്നെ മദീനക്കാരായ ചില മഹത്തുക്കളിൽ നിന്നും ഉദ്ധരിക്കപ്പെടുന്ന ഗുദമൈഥുനത്തെ സംബന്ധിച്ചുള്ള അഭിപ്രായം; നബിﷺ പറഞ്ഞതാ



യി അബൂദാവൂദ് ഉദ്ധരിക്കുന്ന ഹദീഥുമായി ബന്ധപ്പെടുത്തികൊണ്ട്. നബിﷺ പറഞ്ഞു: "ആരെങ്കിലും തന്റെ ഇണയുമായി പിൻദ്വാരത്തിലൂടെ ബന്ധപ്പെട്ടാൽ അയാൾ മുഹമ്മദ് നബിക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു" (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ, നസാഇ). ഇന്നയിന്ന ആളുകളൊക്കെ മുഹമ്മദ് നബിﷺക്ക് ഇറക്കപ്പെട്ടതിൽ അവിശ്വസിച്ചവരാണ് എന്ന് പറയാൻ ഒരു സത്യവിശ്വാസി ധൈര്യപ്പെടുമോ?

അപ്രകാരം തന്നെ മദ്യത്തിന്റെ വിഷയത്തിൽ പത്ത് വിഭാഗം ആളുകളെ നബിﷺ ശപിച്ചതായി സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. അതായത്, മദ്യമുണ്ടാക്കുന്നവരെയും മദ്യം ഉണ്ടാക്കിക്കുന്നവരെയും അത് കുടിക്കുന്നവരെയും തുടങ്ങി അത് ചുമന്നുകൊണ്ടുപോകുന്നവരെയും, ആർക്ക് വേണ്ടിയാണോ കൊണ്ടുപോകുന്നത് അവരെയും അത് കഴിപ്പിക്കുന്നവരെയും വിൽക്കുന്നവരെയും അതിന്റെ സമ്പാദ്യം ഭക്ഷിക്കുന്നവരെയുമൊക്കെപ്പറ്റി പറയുന്ന ഹദീഥ് (തിർമിദി, ഇബ്നുമാജ) മുതലായവർ ഉദ്ധരിച്ചത്. ശൈഖ് അൽബാനി സ്വഹീഹെന്ന് സ്ഥിരീകരിച്ചു 'ഗായത്തുൽ മറാം' പേജ്: 60)

'ലഹരിയുണ്ടാക്കുന്ന എല്ലാ പാനീയങ്ങളും മദ്യമാണ്' എന്നും 'ലഹരിയുണ്ടാക്കുന്നതെല്ലാം മദ്യമാണ്' (ബുഖാരി, മുസലിം) എന്നും നബിﷺ പറഞ്ഞതായി വ്യത്യസ്ത വഴികളിലൂടെ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്.

മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽവെച്ച് നബി ﷺയുടെ മിമ്പറിൽ നിന്നുകൊണ്ട് ഉമർ رضي الله عنه പ്രസംഗിച്ചു: "മദ്യമെന്നത് ബുദ്ധിയെ മറക്കുന്നതാണ്. മദ്യം നിഷിദ്ധമാണെന്ന് അല്ലാഹു വിധി അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെ അവതരണ കാരണം ആളുകൾ മദീനയിൽ മദ്യപിച്ചിരുന്നു എന്നതാണ്." മൂപ്പെത്താത്ത കാരക്ക കൊണ്ട് അവരുണ്ടാക്കിയിരുന്ന പ്രത്യേകതരം മദ്യമായിരുന്നു (ഫർഖ്). മുന്തിരിയുടെ കള്ള് അവരുടെ പക്കലുണ്ടായിരുന്നില്ല. എന്നാൽ കൂഫക്കാരായ ചില മഹത്തുക്കൾ വിശ്വസിച്ചിരുന്നത് മദ്യം (ഖംറ്) എന്നത് മുന്തിരിക്കള്ള് മാത്രമാണ് എന്നാണ്. മുന്തിരിയുടെയും ഈത്തപ്പഴത്തിന്റേതുമല്ലാത്ത വീഞ്ഞുകൾ ലഹരിയുണ്ടാക്കാത്തത്ര അളവിൽ ഉപയോഗിക്കുന്നത് നിഷിദ്ധമല്ലെന്നു കരുതുകയും അനുവദനീയമെന്ന് അവർ കരുതിയത് കുടിക്കുകയും ചെയ്തിരുന്നു. എന്നാൽ അതിന്റെ പേരിൽ ആ മഹാന്മാരെ കുറിച്ച്, ഹദീഥിൽ വന്ന താക്കീതുകളും ആക്ഷേപങ്ങളും അവർക്കും ബാധകമാണെന്ന് പറയാൻ പറ്റുകയില്ല. കാരണം, അവരുടേതായി മറ്റ് പല തടസ്സങ്ങളും (മവാനിഅ്) ഉള്ളതിനാലും അപ്രകാരം പറയാൻ പറ്റില്ല. അവർ കുടിച്ച പാനിയം ഹദീഥിലൂടെ ശപിക്കപ്പെട്ട പാനീയമായിരുന്നില്ല എന്നും പറയാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ വ്യാപകാർഥത്തിലുള്ള പ്രസ്തുത പദത്തിൽ അതൊക്കെ ഉൾപെടുന്നതാണ്.

മാത്രമല്ല, നബിﷺ മദ്യം വിൽക്കുന്നവരെയും ശപിച്ചിട്ടുണ്ട്. ചില സ്വഹാബിമാരാകട്ടെ മദ്യം വിറ്റിട്ടുമുണ്ട്. അങ്ങനെ ആ വിവരം ഉമർ رضي الله عنه അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്:

"അവർക്കറിഞ്ഞുകൂടേ ജൂതന്മാരെക്കുറിച്ച് നബിﷺ പറഞ്ഞത്? 'ജൂതന്മാരെ അല്ലാഹു ശപിക്കട്ടെ! അവർക്ക് ശവത്തിന്റെയും പന്നിയുടെയും കൊഴുപ്പ് നിഷിദ്ധമായിരുന്നു. എന്നാൽ അവരത് ഉണ്ടാക്കി വിൽക്കുകയും അതിലൂടെ കിട്ടിയ വരുമാനം ഭക്ഷിക്കുകയും ചെയ്തു."

മദ്യവിൽപന നിഷിദ്ധമാണെന്നത് അദ്ദേഹത്തിനറിഞ്ഞുകൂടായിരുന്നു. എന്നാൽ ആ അറിവില്ലായ്മ പ്രസ്തുത കുറ്റത്തിന്റെ പ്രതിഫലത്തെ കുറിച്ച് വിശദമാക്കുന്നതിൽ നിന്ന് അദ്ദേഹത്തെ തടഞ്ഞില്ല. പ്രത്യുത താനടക്കമുള്ള എല്ലാവരും അതിൽ നിന്ന് വിട്ടുനിൽക്കുന്നതിന് വേണ്ടി ആ അറിവ് ലഭിച്ചപ്പോൾ അദ്ദേഹം സംസാരിക്കുകയാണുണ്ടായത്. ●

പി.വി.എ പ്രിംറോസ്
anilprimrose@gmail.com





# വീര സവർക്കർ എന്ന ഭീരു സവർക്കർ

ആർ.എസ്.എസ് സൈദ്ധാന്തികൻ വി.ഡി സവർക്കർക്ക് ഭാരതരത്ന അവാർഡ് നൽകാൻ ശുപാർശ ചെയ്തുള്ള മഹാരാഷ്ട്ര ബി.ജെ.പി തെരഞ്ഞെടുപ്പ് പത്രികയും അതിനനുബന്ധമായി സ്വാതന്ത്ര്യസമരത്തിലെ അദ്ദേഹത്തിന്റെ സാന്നിധ്യത്തെ പറ്റി പ്രസ്താവനയിറക്കിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുടെ നടപടിയും അതിനെ പിന്തുണച്ച് അണ്ണാ ഹസാരെ നടത്തിയ പത്രസമ്മേളനവുമെല്ലാം കാണുമ്പോൾ ചരിത്ര അട്ടിമറിയുടെ വരും നാളുകൾ ഇന്ത്യ എങ്ങനെ മറികടക്കുമെന്ന് ഉത്കണ്ഠപ്പെടേണ്ടിയിരിക്കുന്നു.

അനാവശ്യമായ ഉദാത്തവൽക്കരണം ജീവിതകാലത്ത് തന്നെ ഏറെ അനുഭവിച്ചയാളാണ് വിനായക് ദാമോദർ സവർക്കർ. ഏറെ രസകരമായ സംഭവം അതിന് തുടക്കം കുറിച്ചത് അദ്ദേഹം തന്നെയാണ് എന്നതാണ്. ചിത്രഗുപ്ത എന്നൊരാൾ രചിച്ച് 1926ൽ പ്രസിദ്ധീകരിച്ച 'ബാരിസ്റ്റർ സവർക്കറിന്റെ ജീവിതം' എന്ന ഗ്രന്ഥത്തിലാണ് അദ്ദേഹം 'വലിയ മഹാനായിരുന്നു' എന്ന 'നിഗൂഢരഹസ്യം' ആദ്യമായി അനാവരണം ചെയ്യപ്പെട്ടത്. എന്നാൽ സവർക്കറിന്റെ മരണത്തിനും രണ്ട് ദശാബ്ദങ്ങൾക്ക് ശേഷം 1987ൽ ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് പുറത്തിറങ്ങിയപ്പോഴാണ് പുസ്തകമെഴുതിയ ചിത്രഗുപ്തൻ മറ്റാരുമല്ല 'മഹാനായ സവർക്കർ' തന്നെയാണെന്ന് ലോകത്തിന് ബോധ്യപ്പെട്ടത്. പ്രസ്തുത ഗ്രന്ഥത്തിലാണ് ആദ്യമായി അദ്ദേഹത്തെ വീർ സവർക്കർ എന്ന് അഭി

സംബോധന ചെയ്യപ്പെട്ടത് എന്ന് കൂടി മനസ്സിലാക്കുമ്പോൾ 'എന്നെ തള്ളാൻ എനിക്കാരുടെയും സഹായം വേണ്ട' എന്ന പ്രയോഗത്തെ അദ്ദേഹം എത്രമാത്രം അറിഞ്ഞുൾക്കൊണ്ടിരുന്നു എന്ന് ബോധ്യപ്പെടും.

സ്വയം പുകഴ്ത്തലിലൂടെ പേര് കേട്ട അദ്ദേഹത്തിന്റെ പിൻഗാമികൾ മരണശേഷം അദ്ദേഹത്തിന് വായ്ത്താരി പാടുന്നതിൽ അതിശയോക്തിയൊന്നുമില്ല. എന്നാൽ ഗാന്ധിയുടെ ഛായചിത്രത്തിലേക്ക് നിറയൊഴിച്ച് ആഘോഷം നടത്തിയ ഹിന്ദുമഹാസഭ അധ്യക്ഷ പൂജാ ശകുൻ പാണ്ഡെയെ ആദരിച്ചും ഗാന്ധിപ്രതിമക്ക് താഴെ, മോഷ്ടിച്ച ചിതാഭസ്മം കൊണ്ട് രാജ്യദ്രോഹിയെന്നെഴുതിയ തെമ്മാടികളെ അംഗീകരിച്ചും ഭാരതപൈതൃകത്തെ വെല്ലുവിളിക്കുന്ന ഈ സമയത്ത് തന്നെയാണ് മേൽ ചർച്ചയെന്നത് ആശങ്ക ജനിപ്പിക്കുന്നു. നാളെ സവർക്കറെ രാഷ്ട്രപിതാവെന്ന് വിളിച്ചാൽ പോലും അത്ഭുതപ്പെടേണ്ടതില്ലാത്ത തരത്തിലേക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.

1883ൽ നാസിക്കിലെ ഭാഗുർ ഗ്രാമത്തിലെ ഒരു മറാത്ത ബ്രാഹ്മണകുടുംബത്തിലാണ് സവർക്കർ ജനിച്ചത്. പൂനെ ഫെർഗൂസൻ കോളേജിലെ ബിരുദ പഠനത്തിന് ശേഷം 1906ൽ ലണ്ടനിലേക്ക് ഉപരിപഠനത്തിനായി പോയി. നാസിക് ജില്ലാ കളക്റ്റർ ആയിരുന്ന എ.എം.റ്റി ജാക്സണെ വധിച്ചവർക്ക് ആയുധം എത്തിച്ചു നൽകിയ കേസിൽ 1910 മാർച്ച് 13നു അറസ്റ്റിലായ സവർക്കറെ ബ്രിട്ടനിൽ നിന്നും നാടുകടത്തി. ഇന്ത്യയിലേക്കുള്ള യാത്രാമധ്യേ ഫ്രാൻസിലെ മർസെയിൽ വെച്ച് കടലിൽ അദ്ദേഹം ചാടി രക്ഷപ്പെടാൻ ശ്രമിച്ചു. ഈ ശ്രമം പരാജയപ്പെടുകയും പിടിയിലാവുകയും ചെയ്ത സവർക്കർ 1911 ജൂലൈ 4നു പോർട് ബ്ലയറിലെ സെല്ലുലാർ ജയിലിൽ അടച്ചു. ഇതാണ് അദ്ദേഹം ചെയ്ത 'സ്വാതന്ത്ര്യ സമരം'.

ആറുമാസത്തെ ഏകാന്തതടവ് ഇളവു ചെയ്യാൻ 1911 ആഗസ്റ്റ് 30ന് 'വീർ' സവർക്കർ അപേക്ഷ സമർപ്പിച്ചു. രണ്ടു വർഷങ്ങൾക്കു ശേഷം 1913 നവംബർ 14നും പിന്നീട്, ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട സമയത്ത് 1914 സെപ്റ്റംബർ 14നും ബ്രിട്ടീഷ് ഗവണ്മെന്റിനു സഹായവാഗ്ദാനങ്ങളോടെ സവർക്കർ തന്റെ മാപ്പപേക്ഷ സമർപ്പിച്ചു. 1917 ഒക്റ്റോബർ 2, 1920 ജനുവരി 24, അതേ വർഷം മാർച്ച് 30 എന്നീ തിയതികളിലെല്ലാം വീണ്ടും വീണ്ടും അദ്ദേഹം ദയാഹരജി നൽകി.

ബ്രിട്ടീഷ് ഗവണ്മെന്റ് മുന്നോട്ടു വച്ച എല്ലാ ഉപാധികളും അംഗീകരിക്കുവാൻ തയ്യാറായ സവർക്കറിനെ ഒടുവിൽ 1921 മെയ് 2ന് സെല്ലുലാർ ജയിലിൽ നിന്നും വിട്ടയച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെയും സഹപ്രവർത്തകരെയും തള്ളിപ്പറഞ്ഞുകൊണ്ടും ബ്രിട്ടീഷ് മഹത്വം അംഗീകരിച്ചു കൊണ്ടുമാണ് സവർക്കർ തടവറയിൽ നിന്ന് മോചനം നേടിയത്.

ജയിലിൽ നിന്ന് 1921ൽ വിട്ടയക്കപ്പെട്ട സവർക്കറിന് 1927 ജനുവരി വരെ പൂനെയിലെ യേർവാദ ജയിലിൽ സാധാരണ തടവനുഭവിക്കേണ്ടി വന്നു. ഈ കാലയളവിലാണ് എ. മറാത്ത എന്ന തൂലികാ നാമത്തിൽ ഹിന്ദുത്വയുടെ മൗലികപ്രമാണങ്ങൾ (Essentials of Hindutva) എന്ന പുസ്തകം അയാൾ എഴുതുന്നത്. ഹിന്ദുവർഗീയതയെ പ്രോജ്വലിപ്പിച്ച് നിർത്തുന്ന ഈ ഗ്രന്ഥത്തിലുടനീളം മുസ്‌ലിം-ക്രിസ്ത്യൻ ജനവിഭാഗങ്ങളെ നിശിതമായി വിമർശിക്കാനും അദ്ദേഹം ബുദ്ധിസ്റ്റുകളുടെ കൂട്ടക്കൊലയെ പരോക്ഷമായി ന്യായീകരിക്കാനും ശ്രമിച്ചു.

"നമ്മുടെ രാജ്യക്കാരായ മുഹമ്മദൻമാരെയും ക്രിസ്ത്യാനികളെയും ഹിന്ദുക്കളായി പരിഗണിക്കുവാൻ കഴിയില്ല. ഹിന്ദുക്കളെപ്പോലെ തന്നെ ഹിന്ദുസ്ഥാൻ അവരുടെ പിതൃഭൂമിയാണെങ്കിലും, അതവരുടെ പുണ്യഭൂമിയല്ല. അവരുടെ പുണ്യഭൂമി അറേബ്യയിലും പലസ്തീനിലുമാണ്." ഹിന്ദുത്വയുടെ മൗലികപ്രമാണങ്ങൾ എന്ന തന്റെ പുസ്തകത്തിൽ വി.ഡി. സവർക്കർ എഴുതി.

ആർഎസ്എസ് സ്ഥാപകനേതാവായ ഹെഡ്ഗെവാർ 1925 ഏപ്രിലിൽ രത്നഗിരിയിൽ വെച്ച് സവർക്കറുമായി കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ച കഴിഞ്ഞ് മാസങ്ങൾക്ക് ശേഷമാണ് രാഷ്ട്രീയ സ്വയംസേവക സംഘം രൂപീകൃതമാവുന്നത്.

ഇതിനെല്ലാം പുറമെ ഗാന്ധിജിക്കെതിരെ ആളുകളെ സംഘടിപ്പിച്ച് പ്രവർത്തിക്കുന്നതും ക്വിറ്റ് ഇന്ത്യാ സമരത്തിനോട് വിമുഖത പ്രകടിപ്പിച്ച് ബ്രിട്ടീഷുകാർക്ക് പാദസേവ നടത്തിയതും രാഷ്ട്രവിഭജനത്തിൽ തന്റേതായ സംഭാവനകൾ നൽകിയതും ഗാന്ധിവധത്തിൽ സഹായം ചെയ്തതുമെല്ലാം ചരിത്ര രേഖകളുടെ സഹായത്തോടെ തെളിയിക്കാൻ കഴിയും.

ഈ സവർക്കറിനാണ് ഭാരതരത്നക്ക് ശുപാർശ ചെയ്യപ്പെടുന്നത് എന്നാലോചിക്കുമ്പോൾ നിലവിലുള്ള ഭരണകർത്താക്കളോട് പുച്ഛം തോന്നുന്നത് എനിക്ക് മാത്രമായിരിക്കില്ല.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com





# വിശുദ്ധ ക്വുർആൻ തുറക്കുന്ന വിജ്ഞാന കവാടം

**അ**ന്ധകാരം മുറ്റിനിന്ന കാലത്താണ് പ്രകാശത്തിന്റെയും വിജ്ഞാനത്തിന്റെയും ഗ്രന്ഥമായ ക്വുർആനിന്റെ അവതരണമുണ്ടാകുന്നത്. ഇരുട്ടിന്റെ അന്ധാളിപ്പിൽനിന്ന് പ്രകാശത്തിന്റെ മനഃശാന്തിയിലേക്കാണ് ക്വുർആൻ വഴിനടത്തുന്നത്. അല്ലാഹു പറയുന്നു:

“അലിഫ് ലാം റാ. മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്” (ഇബ്‌റാഹീം 1).

വിജ്ഞാനമെന്ന വെളിച്ചമാണ് ക്വുർആൻ ഇരുട്ടിന്റെ ലോകത്ത് ആദ്യം പരത്തിയത്. വിശുദ്ധ ക്വുർആനിനെ പോലെ വൈജ്ഞാനിക പശ്ചാത്തലമുള്ളതും വിജ്ഞാനം പരത്തുന്നതുമായ ഒരു ഗ്രന്ഥം ലോകത്ത് നിലവിലില്ല. ഏറ്റവും വലിയ വിജ്ഞാനിയായ

**മനുഷ്യന്റെ അറിവുകൾ പരിമിതമാണ് എന്നാണ് ക്വുർആൻ അറിയിക്കുന്നത്. അതിനാൽ തന്നെ അറിവിന്റെ പേരിൽ അഹങ്കരിക്കുന്നതിൽ അർഥമില്ല. വിനയത്തിൻെറ വഴിയിലൂടെയാവണം വിജ്ഞാനികൾ നടക്കേണ്ടത്. ഇല്ലെങ്കിൽ അഹങ്കാരമെന്ന വിപത്ത് പിടികൂടി വിജ്ഞാനത്തിന്റെ പ്രകാശത്തെ അത് കെടുത്തിക്കളയും. അറിവിൻെറ പ്രകാശത്തെ മറച്ചുവെക്കാനുള്ള പരിശ്രമത്തെ കഠിന പാപമായിട്ടാണ് ക്വുർആൻ പഠിപ്പിക്കുന്നത്. അല്ലാഹുവും മലക്കുകളും അവരെ ശപിച്ചുകൊണ്ടിരിക്കും എന്ന ശക്തമായ താക്കീതാണ് അത്തരക്കാർക്ക് അല്ലാഹു നൽകുന്നത്**

അല്ലാഹുവാണ് ഈ ഗ്രന്ഥത്തിന്റെ അവതാരകൻ എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ മഹത്ത്വം.

ക്വുർആനിൽ 106 സ്ഥലങ്ങളിൽ അല്ലാഹുവിനെ സംബന്ധിച്ച് 'അലീം' (സർവജ്ഞാനി) എന്ന് വന്നിട്ടുണ്ട്. സർവജ്ഞാനിയുടെ ഗ്രന്ഥം വിജ്ഞാന സാഗരമായിരിക്കുമെന്നതിൽ സംശയമില്ലല്ലോ. ക്വുർആനിന്റെ അറിവുകൾ കേവല ഊഹത്തെയല്ല പ്രതിനിധീകരിക്കുന്നത് എന്നതാണ് മറ്റൊരു പ്രത്യേകത. വൈജ്ഞാനിക ആഴിയുടെ ആഴങ്ങളിലേക്കാണ് അതിന്റെ ഓരോ ആയത്തിന്റെ കിരണങ്ങളും ചെന്ന് പതിക്കുന്നത്. ആ വൈജ്ഞാനിക ഗ്രന്ഥത്തിന്റെ അവതരണത്തിന് തന്റെ ഹൃദയം തെരഞ്ഞെടുക്കപ്പെട്ടതിലൂടെ നിരക്ഷരനായിരുന്ന പ്രവാചകൻﷺ അറിവിന്റെ പ്രചാരകനായി മാറി. ലോകത്ത് ദൈവിക വിജ്ഞാനീയങ്ങളുടെ പ്രചാരകനായതിലൂടെ വിജ്ഞാനത്തിന്റെ ശ്രദ്ധാകേന്ദ്രം പിന്നീട് പ്രവാചകനായിത്തീർന്നു.

അതെ, പ്രവാചകൻﷺ വിജ്ഞാനത്തിന്റെ പ്രചാരകൻകൂടിയായിരുന്നു എന്നർഥം. ആ പ്രവാചകന്റെ ഹൃത്തടത്തിലേക്ക് അവതരിക്കപ്പെട്ട ആദ്യത്തെ അഞ്ച് വചനങ്ങളിലും അറിവിന്റെ മുത്തുകൾ പരന്നുകിടക്കുന്നത് ദർശിക്കാനാവും. വായിക്കുക (ഇക്വ്റഅ്) എന്നതും പഠിപ്പിച്ചു (അല്ലമ) എന്നതും ഈരണ്ട് തവണയും പേന(ക്വലം) എന്നത് ഒരു തവണയും പ്രഥമമായി അവതരിക്കപ്പെട്ട അഞ്ച് സൂക്തങ്ങളിൽ തന്നെ ക്വുർആനിൽ കാണാമെങ്കിൽ ഇതൊരു വിജ്ഞാന വിപ്ലവത്തിന്റെ മുന്നറിയിപ്പായിരുന്നു. 'അറിയുന്നവനും അറിയാത്തവനും തുല്യരാവില്ലെന്ന' ക്വുർആനിക വീക്ഷണം (സുമർ: 9) നിത്യപ്രസക്തമാണ്. ഏത് കാലത്തേക്കും ഏത് വിഷയത്തിലേക്കും ബാധകമാക്കാനുതകുന്നതാണ് ഈ അടിസ്ഥാനം. വിജ്ഞാനികളെ പുകഴ്ത്തി സംസാരിക്കുന്ന ധാരാളം സൂക്തങ്ങൾ ക്വുർആനിൽ കാണാം.

വിജ്ഞാനത്തിന്റെ ആഴിയിലിറങ്ങിയവർക്കാണ് ദൈവഭയം കൂടുതലുണ്ടാവുക എന്നതും (ഫാത്വിർ: 28) വിജ്ഞാന മേഖലയിലെ ഒരു സുപ്രധാന ചൂണ്ടുപലകയാണ്. അജ്ഞതക്കു പരിഹാരം ചോദിച്ചു പഠിക്കലാണെന്നും ചോദിച്ചു പഠിക്കൽ വിജ്ഞാനികൾ ചെയ്യേണ്ട കാര്യമാണെന്നും ക്വുർആൻ ഉണർത്തുന്നുണ്ട്.

"നിനക്ക് മുമ്പ് മനുഷ്യൻമാരെയല്ലാതെ നാം ദൂതൻമാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം സന്ദേശം നൽകുന്നു. നിങ്ങൾക്കറിഞ്ഞ് കൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ച് നോക്കുക" (നഹ്ൽ 43).

അറിവിന്റെ വർധനവിനായി സർവശക്തനോട് അനുദിനം തേടണമെന്നും അവനാണ് വിജ്ഞാനവർധനവ് നൽകി അടിമകളെ ശക്തിപ്പടുത്തുന്നത് എന്നും അല്ലാഹു പറയുന്നുണ്ട്: "സാക്ഷാൽ രാജാവായ അല്ലാഹു അത്യുന്നതനായിരിക്കുന്നു. ക്വുർആൻ- അത് നിനക്ക് ബോധനം നൽകപ്പെട്ടുകഴിയുന്നതിനുമുമ്പായി -പാരായണം ചെയ്യുന്നതിനു നീ ധൃതി കാണിക്കരുത്. എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക" (ത്വാഹാ 114).

അറിവാണ് മനുഷ്യന്റെ ബൗദ്ധിക വളർച്ചയുടെ മൂലകാരണം. മലക്കുകൾ പോലും അല്ലാഹുവിന്റെ കൽപന പ്രകാരം ആദംعليه السلامയുടെ മുന്നിൽ സുജൂദ് ചെയ്തതിന്പിന്നിൽ ഒരു വിജ്ഞാനത്തിന്റെ പശ്ചാത്തലമുണ്ടല്ലോ. മലക്കുകൾക്കില്ലാത്ത വിജ്ഞാനം ആദംعليه السلامക്ക് അല്ലാഹു നൽകിയ ശേഷമാണല്ലോ സുജൂദിന് കൽപനയുണ്ടാകുന്നത്: "അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരൂ. അവർ പറഞ്ഞു: നിനക്ക് സ്തോത്രം. നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവജ്ഞനും അഗാധജ്ഞാനിയും. അനന്തരം അവൻ (അല്ലാഹു) പറഞ്ഞു: ആദമേ, ഇവർക്ക് അവയുടെ നാമങ്ങൾ പറഞ്ഞുകൊടുക്കൂ. അങ്ങനെ

അവൻ (ആദം) അവർക്ക് ആ നാമങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: ആകാശ ഭൂമികളിലെ അദൃശ്യകാര്യങ്ങളും, നിങ്ങൾ വെളിപ്പെടുത്തുന്നതും ഒളിച്ചുവെക്കുന്നതുമെല്ലാം എനിക്കറിയാമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ലേ? ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ പ്രണമിച്ചു; ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധികളിൽ പെട്ടവനായിരിക്കുന്നു" (അൽബക്വറ 31-34).

വിജ്ഞാനികളെ അല്ലാഹു പദവികൾ ഉയർത്തി ആദരിക്കുമെന്ന അല്ലാഹുവിന്റെ പ്രസ്താവന വിജ്ഞാനമണ്ഡലത്തിൽ ഒരു വിസ്ഫോനത്തിനാണ് തുടക്കംകുറിച്ചത്: "...നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (മുജാദല 11).

**വിജ്ഞാനികളെ പദവികൾ ഉയർത്തി ആദരിക്കുമെന്ന അല്ലാഹുവിന്റെ പ്രസ്താവന വിജ്ഞാനമണ്ഡലത്തിൽ വിസ്ഫോനത്തിനാണ് തുടക്കംകുറിച്ചത്. ഇത്തരം പ്രഖ്യാപനങ്ങളെ ശിരസ്സാവഹിച്ചതാണ് അജ്ഞതയിൽ കഴിഞ്ഞിരുന്ന ഒരു സമൂഹത്തെ ലോകോത്തര സമൂഹത്തിന്റെ നായകരാക്കി മാറ്റിയത്. അജ്ഞതയിൽനിന്ന് അവർ വിജ്ഞാനമണ്ഡലങ്ങളിലേക്ക് കുതിച്ചുകയറി. ലോകത്ത് ഇസ്‌ലാം വ്യാപിച്ചു. പിന്നീട് അവർ തുടങ്ങിവെക്കാത്ത ഒരു വിജ്ഞാനശാഖയുമില്ല എന്നു പറയാം. മിക്ക വിജ്ഞാന മണ്ഡലങ്ങളിലും ക്വുർആനിന്റെ വക്താക്കളായിരിന്നു തുടക്കക്കാർ എന്നു കാണാനാവും. അവർക്ക് അതിന് പ്രചോദനമായത് അനന്തമായിക്കിടക്കുന്ന ക്വുർആനിന്റെ വൈജ്ഞാനികപരിസരം തന്നെയായിരുന്നു. ചിന്തയുടെ ചക്രവാളങ്ങൾ കീഴടക്കി ലോകത്തിനു മുന്നിൽ അത്ഭുതങ്ങൾ കാഴ്ചവെക്കാൻ ക്വുർആനിന്റെ അനുയായികൾക്ക് സാധിച്ചത് ചിന്തിക്കാനുള്ള അതിന്റെ ആവർത്തിച്ചുള്ള കൽപനകളും നിർദേശങ്ങളും അവരെ സ്വാധീനിച്ചതകൊണ്ടായിരുന്നു.**

ഇത്തരം പ്രഖ്യാപനങ്ങളെ ശിരസ്സാവഹിച്ചതാണ് അജ്ഞതയിൽ കഴിഞ്ഞിരുന്ന ഒരു സമൂഹത്തെ ലോകോത്തര സമൂഹത്തിന്റെ നായകരാക്കി മാറ്റിയത്. അജ്ഞതയിൽനിന്ന് അവർ വിജ്ഞാനമണ്ഡലങ്ങളിലേക്ക് കുതിച്ചുകയറി. ലോകത്ത് ഇസ്‌ലാം വ്യാപിച്ചു. പിന്നീട് അവർ തുടങ്ങിവെക്കാത്ത ഒരു വിജ്ഞാനശാഖയുമില്ല എന്നു പറയാം. മിക്ക വിജ്ഞാന മണ്ഡലങ്ങളിലും ക്വുർആനിന്റെ വക്താക്കളായിരിന്നു തുടക്കക്കാർ എന്നു കാണാനാവും. അവർക്ക് അതിന് പ്രചോദനമായത് അനന്തമായിക്കിടക്കുന്ന ക്വുർആനിന്റെ വൈജ്ഞാനികപരിസരം തന്നെയായിരുന്നു. ചിന്തയുടെ ചക്രവാളങ്ങൾ കീഴടക്കി ലോകത്തിനു മുന്നിൽ അത്ഭുതങ്ങൾ കാഴ്ചവെക്കാൻ ക്വുർആനിന്റെ അനുയായികൾക്ക് സാധിച്ചത് ചിന്തിക്കാനുള്ള അതിന്റെ ആവർത്തിച്ചുള്ള കൽപനകളും നിർദേശങ്ങളും അവരെ സ്വാധീനിച്ചതകൊണ്ടായിരുന്നു. "ആ ഉപമകൾ നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെപ്പറ്റി ചിന്തിച്ച് മനസ്സിലാക്കുകയില്ല" (അൻകബൂത്ത് 43) എന്ന സൂക്തം ഈ ആശയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

പ്രവർത്തനത്തിനു മുമ്പ് വിജ്ഞാനത്തിന്റെ വക്താക്കളാകുവാൻ ക്വുർആൻ (മുഹമ്മദ്: 14) നിർദേശിക്കുന്നത് സകലരംഗത്തേക്കുമുള്ള ഒരു വെളിച്ചമാണ്. ഒരുത്തന് അറിവു നേടാൻ യാത്രചയ്യേണ്ടതുണ്ടെങ്കിൽ അതവൻ നിർവഹിക്കുക തന്നെ വേണം. പ്രവാചകന്മാരാണെങ്കിലം ശരി! ക്വുർആനിൽ ഖിള്ർ, മൂസാ(عليه السلام) എന്നിവരുടെ സുദീർഘ ചരിത്രത്തിലൂടെ ഈ പാഠമാണ് ക്വുർആൻ നൽകുന്നത്. വിജ്ഞാനദാഹികൾക്ക് ഇതിനെക്കാൾ നല്ലൊരു കഥനം വേറെയില്ല. നമ്മൾ നേത്രങ്ങൾ കൊണ്ട് കാണുന്നത് മാത്രമല്ല അറിവെന്നും അതിനപ്പുറമുള്ള ചില തിരിച്ചറിവുകൾ കൂടി ഉണ്ടാകുമ്പോഴാണ് യഥാർഥ അറിവിന്റെ ആസ്വാദനം നമുക്ക് സാധ്യമാകുന്നത് എന്നുമുള്ള ഒരു പാഠവും ഈ കഥയിലുണ്ട്.

മനുഷ്യന്റെ അറിവുകൾ പരിമിതമാണ് (ഇസ്റാഅ്: 85) എന്നാണ് ക്വുർആൻ അറിയിക്കുന്നത്. അതിനാൽ തന്നെ അറിവിന്റെ പേരിൽ അഹങ്കരിക്കുന്നതിൽ അർഥമില്ല. വിനയത്തിൻെറ വഴിയിലൂടെയാവണം വിജ്ഞാനികൾ നടക്കേണ്ടത്. ഇല്ലെങ്കിൽ അഹങ്കാരമെന്ന വിപത്ത് പിടികൂടി വിജ്ഞാനത്തിന്റെ പ്രകാശത്തെ അത് കെടുത്തിക്കളയും. അറിവിന്റെ പ്രകാശത്തെ മറച്ചുവെക്കാനുള്ള പരിശ്രമത്തെ കഠിന പാപമായിട്ടാണ് ക്വുർആൻ പഠിപ്പിക്കുന്നത്. അല്ലാഹുവും മലക്കുകളും അവരെ ശപിച്ചുകൊണ്ടിരിക്കും എന്ന ശക്തമായ താക്കീതാണ് അത്തരക്കാർക്ക് അല്ലാഹു നൽകുന്നത്: "എന്നാൽ പശ്ചാത്തപിക്കുകയും, നിലപാട് നന്നാക്കിത്തീർക്കുകയും, (സത്യം ജനങ്ങൾക്ക്) വിവരിച്ചുകൊടുക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കുന്നതാണ്.

ഞാൻ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ" (അൽബക്വറ:160).

ലജ്ജയുടെ വാതിലുകൾ അറിവിന്റെ മേഖലയിൽ കൊട്ടിയടക്കപ്പെടേണ്ടതാണ്. "ഏതൊരു വസ്തുവെയും ഉപമയാക്കുന്നതിൽ അല്ലാഹു ലജ്ജിക്കുകയില്ല; തീർച്ച. അതൊരു കൊതുകോ അതിലുപരി നിസ്സാരമോ ആകട്ടെ. എന്നാൽ വിശ്വാസികൾക്ക് അത് തങ്ങളുടെ നാഥന്റെ പക്കൽനിന്നുള്ള സത്യമാണെന്ന് ബോധ്യമാകുന്നതാണ്. സത്യനിഷേധികളാകട്ടെ ഈ ഉപമകൊണ്ട് അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നത് എന്ന് ചോദിക്കുകയാണ് ചെയ്യുക. അങ്ങനെ ആ ഉപമ നിമിത്തം ധാരാളം ആളുകളെ അവൻ പിഴവിലാക്കുന്നു. ധാരാളം പേരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അധർമകാരികളല്ലാത്ത ആരെയും അത് നിമിത്തം അവൻ പിഴപ്പിക്കുകയില്ല" (അൽബക്വറ: 26).

സർവ ജ്ഞാനത്തിന്റെയും ഉടമസ്ഥനായ അല്ലാഹു ജ്ഞാനം പകർന്നു തരുന്നതിൽ എത്ര നിസ്സാര വസ്തുവെയും ഉപമയാക്കുന്ന കാര്യത്തിൽ ലജ്ജ കാണിക്കില്ലെങ്കിൽ അവന്റെ ദുർബലസൃഷ്ടികൾ എന്തിന് അറിവിന്റെ വിഷയത്തിൽ ലജ്ജിക്കണം? സമൂഹത്തിന് ആവശ്യമായ നാനാവിധ കാര്യങ്ങളുടെ മൂലനിയമങ്ങൾ ക്വുർആനിൽ നമുക്ക് കാണാനാവും. അതുല്യവും സമഗ്രഹവും കാലാതിവർത്തിയുമാണ് ക്വുർആനിന്റെ വൈജ്ഞാനിക മണ്ഡലം. അതിന്റെ മധുനുകരാൻ സാധിച്ചവർ മഹാഭാഗ്യശാലികൾ. അതിന്റെ സുഗന്ധം ആസ്വദിക്കാൻ പോലും കഴിയാത്തവർ മഹാ കഷ്ടത്തിൽ തന്നെ! ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇൻസൈറ്റ്**
ഇഹലോക ജീവിതം
മുജാഹിദ് ബാലുശ്ശേരി
28.10.19 തിങ്കൾ 6:30 PM

**ഹൃദയ വസന്തം**
സൂറ: അന്നജ്മ് 24-26
ശുറൈഹ് സലഫി
28.10.19 തിങ്കൾ 07:45 AM

**ഇ - മദ്രസ**
മാതാപിതാക്കളുടെ സ്ഥാനവും മഹത്വവും
ഹസ്സൻ അൻസാരി
29.10.19 ചൊവ്വ 07:10 AM

**ഇൻസൈറ്റ്**
ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്
താജുദ്ദീൻ സ്വലാഹി
29.10.19 ചൊവ്വ 6:30 PM

**ഹൃദയ വസന്തം**
സൂറ: ഖാഫ് 10,11
അനസ് സ്വലാഹി
29.10.19 ചൊവ്വ 07:45 AM


**അടിത്തറകൾ**
ഭൂമിയിൽ മരിച്ചു ജീവിച്ചവർ
ഫദ്‌ലുൽ ഹഖ് ഉമരി
29.10.19 ചൊവ്വ 09:00 PM

**വഴികാട്ടി**
വിജയത്തിന്റെ താക്കോൽ
നൗഷാദ് കുന്നത്തേടത്ത്
31.10.19 വ്യാഴം 9:25 PM

**ഇലൽ അറബിയ്യ**
അറബി ഭാഷാ പഠനം, ഭാഗം: 57
ഹുസൈൻ പലേക്കോടൻ
03.11.19 ഞായർ 9:00 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 70, ഭാഗം: 2

# മആരിജ് (കയറുന്ന വഴികൾ)

يَوْمَ تَكُونُ ٱلسَّمَآءُ كَٱلْمُهْلِ ٨
وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ٩
وَلَا يَسْـَٔلُ حَمِيمٌ حَمِيمًا ١٠
يُبَصَّرُونَهُمْ ۚ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ

8. ആകാശം ഉരുകിയ ലോഹം പോലെ ആകുന്ന ദിവസം!
9. പർവതങ്ങൾ കടഞ്ഞരോമം പോലെയും.
10. ഒരു ഉറ്റബന്ധുവും മറ്റൊരു ഉറ്റബന്ധുവിനോട് (അന്ന്) യാതൊന്നും ചോദിക്കുകയില്ല.
11. അവർക്ക് അന്യോന്യം കാണിക്കപ്പെടും. തന്റെ മക്കളെ പ്രായശ്ചിത്തമായി നൽകിക്കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ

عَذَابِ يَوْمِئِذٍۭ بِبَنِيهِ ﴿١١﴾
وَصَٰحِبَتِهِۦ وَأَخِيهِ ﴿١٢﴾
وَفَصِيلَتِهِ ٱلَّتِى تُـْٔوِيهِ ﴿١٣﴾
وَمَن فِى ٱلْأَرْضِ جَمِيعًا ثُمَّ يُنجِيهِ ﴿١٤﴾
كَلَّآ ۖ إِنَّهَا لَظَىٰ ﴿١٥﴾
نَزَّاعَةً لِّلشَّوَىٰ ﴿١٦﴾
تَدْعُوا۟ مَنْ أَدْبَرَ وَتَوَلَّىٰ ﴿١٧﴾
وَجَمَعَ فَأَوْعَىٰ ﴿١٨﴾

നിന്ന് മോചനം നേടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കുറ്റവാളി ആഗ്രഹിക്കും.

12. തന്റെ ഭാര്യയെയും സഹോദരനെയും,
13. തനിക്ക് അഭയം നൽകിയിരുന്ന തന്റെ ബന്ധുക്കളെയും,
14. ഭൂമിയിലുള്ള മുഴുവൻ ആളുകളെയും. എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ എന്ന്.
15. സംശയം വേണ്ട, തീർച്ചയായും അത് ആളിക്കത്തുന്ന നരകമാകുന്നു.
16. തലയുടെ തൊലിയുരിച്ചു കളയുന്ന നരകാഗ്നി.
17. പിന്നാക്കം മാറുകയും തിരിഞ്ഞുകളയുകയും ചെയ്തവരെ അത് ക്ഷണിക്കും.
18. ശേഖരിച്ചു സൂക്ഷിച്ചു വെച്ചവരെയും.

8-9). (ദിവസം) ഈ മഹത്തായ സംഭവങ്ങൾ ഉണ്ടാകുന്നതായ ഉയിർത്തെഴുന്നേൽപു ദിനം. അപ്പോൾ (ആകാശം ഉരുകിയ ലോഹം പോലെയാകുന്ന) അതിന്റെ ഭയാനകത പാരമ്യതയിലെത്തിയിരിക്കും. (പർവതങ്ങൾ കടഞ്ഞ രോമംപോലെയും). അത് കടഞ്ഞെടുക്കപ്പെട്ട രോമമാണ്. പിന്നീടത് ചിതറപ്പെട്ട ധൂളികളായി നശിച്ചില്ലാതെയാകും.

10-14). ശക്തമായ മഹാഗോളങ്ങൾക്ക് ഇത്രമേൽ കുലുക്കവും ചാഞ്ചല്യവും സംഭവിക്കുമെങ്കിൽ മുതുകിൽ തെറ്റുകളും കുറ്റങ്ങളും ഭാരം തൂങ്ങിയ ദുർബലനായ മനുഷ്യനെപ്പറ്റി നീ എന്ത് വിചാരിക്കുന്നു? അവന്റെ ഹൃദയവും ബുദ്ധിയും നഷ്ടപ്പെട്ടുപോകുന്നതും എല്ലാവരിൽ നിന്നും അവൻ അശ്രദ്ധനാകുന്നതും ശരി തന്നെയല്ലേയോ? അതാണ് പറയുന്നത് (ഒരു ഉറ്റ ബന്ധുവും മറ്റൊരു ഉറ്റ ബന്ധുവോട് അന്ന് യാതൊന്നും ചോദിക്കുകയില്ല. അവർക്ക് അന്യോന്യം കാണിക്കപ്പെടും). ഉറ്റവൻ-ബന്ധു- ഉറ്റവനെക്കാണും. അവന്റെ അവസ്ഥകളെയും കുടുംബപരമായ കാര്യങ്ങളും സ്നേഹവും അന്വേഷിക്കാൻ അവന്റെ ഹൃദയം വിശാലമാക്കപ്പെടില്ല. തനിക്ക് തന്റെ കാര്യംമാത്രമായിരിക്കും പ്രധാനം. (കുറ്റവാളി ആഗ്രഹിക്കും) ശിക്ഷക്കർഹനായവൻ. (തന്റെ മക്കളെ പ്രായച്ഛിത്തമായി നൽകിക്കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് മോചനം തേടിയെങ്കിൽ). (തന്റെ ഭാര്യയെയും) ഇണയെ. (തന്റെ സഹോദരനെയും). (ബന്ധുക്കളെയും) അടുത്ത കുടുംബക്കാർ. (തനിക്ക് അഭയം നൽകിയതായ) അത് ഇഹലോകത്തിലെ പതിവാണ്; ബന്ധുക്കൾ പരസ്പരം സഹായിക്കുക എന്നത്. എന്നാൽ പരലോകത്ത് ഒരാളും മറ്റൊരാൾക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. അല്ലാഹുവിന്റെ അനുമതി കൂടാതെ ഒരാളും ശുപാർശയും ചെയ്യില്ല. തനിക്കറിയുന്നവരെയെല്ലാം ശിക്ഷക്കർഹനായ കുറ്റവാളി പ്രായച്ഛിത്തമായി നൽകിയാലും (ഭൂമിയിലുള്ള മുഴുവൻ ആളുകളെയും, എന്നിട്ടു അത് അവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ) അവനുപകാരപ്പെടില്ല.

15-18). (സംശയം വേണ്ട) രക്ഷപ്പെടാനുള്ള തന്ത്രമോ അഭയസ്ഥാനമോ അവർക്കില്ല. നിന്റെ രക്ഷിതാവിന്റെ ശിക്ഷാവചനം അവരുടെ മേൽ യാഥാർഥ്യമായി. സുഹൃത്തുക്കളെക്കൊണ്ടും ബന്ധുക്കളെക്കൊണ്ടുമുള്ള പ്രയോജനം അവസാനിച്ചു. (തീർച്ചയായും അത് ആളിക്കത്തുന്ന നരകമാകുന്നു. തലയുടെ തൊലിയുരിച്ച് കളയുന്ന നരകാഗ്നി) ആളിക്കത്തിക്കൊണ്ടിരിക്കുന്ന നരകം, അതിന്റെ കാഠിന്യത്താൽ ആന്തരികവും ബാഹ്യവുമായ അവയവങ്ങളെ അത് ഊതിത്തെറിപ്പിക്കും. (അതു ക്ഷണിക്കും) തന്നിലേക്ക്. (പിന്നാക്കം മാറുകയും തിരിഞ്ഞുകളയുകയും ചെയ്തവരെയും ശേഖരിച്ചു സൂക്ഷിച്ചുവെച്ചവരെയും) സത്യത്തെ പിൻപറ്റുന്നതിൽ നിന്ന് തിരിഞ്ഞുകളഞ്ഞവർ, അതിനെ അവഗണിക്കുകയും ചെയ്തവർ. അലക്ഷ്യമായി ധനം ഒന്നിനുമേൽ ഒന്നായി ഒരുമിച്ചുകൂട്ടുകയും തനിക്ക് പ്രയോജനകരമായ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്തവർ. ഇത്തരം ആളുകളെ നരകം തന്നിലേക്ക് ക്ഷണിക്കും. അവരെ കത്തിക്കാൻ അത് സജ്ജമാകും.

അബൂ തൻവീൽ
mail@nerpatham.com



# ലജ്ജ എന്ന മാനുഷിക ഗുണം

**അബ്ദുല്ലാഹിബ്നു മസ്ഊദിൽ ؓ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: "അല്ലാഹുവിന് മുമ്പിൽ ഏത് വിധം നിങ്ങൾ ലജ്ജ കാണിക്കേണ്ടതുണ്ടോ ആവിധം നിങ്ങൾ ലജ്ജ കാണിക്കുവിൻ." ഞങ്ങൾ ചോദിച്ചു: "പ്രവാചകരേ, അല്ലാഹുവിന് സ്തുതി. ഞങ്ങൾ ലജ്ജയുള്ളവരാണല്ലോ!" നബി ﷺ പറഞ്ഞു: "ഞാൻ അതല്ല ഉദ്ദേശിക്കുന്നത്. നിങ്ങൾ അല്ലാഹുവിന് മുമ്പിൽ യഥാവിധം ലജ്ജകാണിക്കുന്നതിനെ കുറിച്ചാണ്. നിങ്ങളുടെ ശിരസ്സും അത് ഉൾക്കൊള്ളുന്നതും, നിങ്ങളുടെ ഉദരവും അത് ഉൾക്കൊള്ളുന്നതും നിങ്ങൾ കാത്തുസൂക്ഷിക്കണം. മരണത്തെയും നാശത്തെയും ഓർത്തുകൊണ്ടിരിക്കണം. പാരത്രികം ആഗ്രഹിക്കുന്നവൻ ഐഹികാഡംബരങ്ങൾ ഉപേക്ഷിക്കും. ഇങ്ങനെ ചെയ്യുന്നവരാണ് അല്ലാഹുവിന് മുമ്പിൽ യഥാവിധം ലജ്ജ കാണിക്കുന്നവർ" (ഹാകിം: 1/24, ബൈഹക്വി: 7726).**

മനുഷ്യനെ തിന്മയിൽ നിന്ന് തടയുകയും നന്മയിൽ ഉറപ്പിച്ചുനിർത്തുകയും ചെയ്യുന്ന സവിശേഷ സ്വഭാവഗുണമാണ് ലജ്ജ. പ്രപഞ്ചത്തിലെ ഇതര ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വ്യതിരിക്തമാക്കുന്ന അതിപ്രധാനമായ ഒരു വിശിഷ്ട ഗുണമാണ് ലജ്ജ എന്നത്.

അതുകൊണ്ട് തന്നെയാണ് പ്രവാചകൻ ﷺ ഇങ്ങനെ പറഞ്ഞതും: "നിങ്ങൾക്ക് ലജ്ജയില്ലെങ്കിൽ തോന്നുംപോലെ പ്രവർത്തിച്ചുകൊള്ളുക" (ബുഖാരി 6120).

ഒരു മനുഷ്യന്റെ വിശ്വാസത്തിന്റെയും സദാചാര ബോധത്തിന്റെയും കവചമാണ് ലജ്ജ. ലജ്ജയില്ലെങ്കിൽ വിശ്വാസം കാത്തുസൂക്ഷിക്കുവാനോ ധാർമികത ജീവിതത്തിൽ നിലനിർത്തുവാനോ

സാധിക്കുകയില്ലെന്നത് വ്യക്തമാണ്. പ്രവാചകൻﷺ പറഞ്ഞു: “സത്യവിശ്വാസവും ലജ്ജാശീലവും പരസ്പരം കൂട്ടുകാരാണ്. അതിലൊന്ന് നഷ്ടപ്പെട്ടാൽ മറ്റേതും നഷ്ടപ്പെട്ടു പോകും.”

ലജ്ജയെന്നു പറഞ്ഞാൽ ആരോടും ഒന്നും മിണ്ടാതെ ഒരു മൂലയിൽ നാണിച്ചിരിക്കുകയെന്നതല്ലെന്ന് മേലുദ്ധരിച്ച വചനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ഒരു വിശ്വാസി ഇടപെടുന്ന മുഴുവൻ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്ന ഒരു സ്വഭാവ സംസ്കാരമാണത്.

എന്നാൽ സോഷ്യൽമീഡിയയുടെ അമിതജ്വരം ബാധിച്ച ഇക്കാലത്ത് ലജ്ജയെന്ന ഈ മഹദ്സ്വഭാവം പലരിൽനിന്നും ഏറെ വിദൂരതയിലാണെന്ന് നിസ്സംശയം പറയാം. ലഭിക്കുന്നത് മുഴുവനും റീപോസ്റ്റ് ചെയ്യുന്നവരും ഏത് പോസ്റ്റിന് താഴെയും വായിൽ തോന്നുന്ന കമന്റുകൾ ഇടുന്നവരും ലജ്ജയില്ലായ്മയാണ് പ്രകടമാക്കുന്നത്.

ആദ്യം ഉദ്ധരിച്ച ഹദീഥിൽ അല്ലാഹുവിനു മുമ്പിൽ യഥാവിധം ലജ്ജ കാണിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് ‘ശിരസ്സും അത് ഉൾക്കൊള്ളുന്നവയും’ എന്നാണ്. കണ്ണും കാതും തുടങ്ങി വികാര വിചാരങ്ങളടക്കം മുഴുവൻ കാര്യങ്ങളിലും സ്രഷ്ടാവിന്റെ ബോധനങ്ങൾക്ക് വിധേയമായിട്ടു മാത്രമെ നാം മുന്നോട്ട് പോകാവൂ. പഞ്ചേന്ദ്രിയങ്ങളിൽ ഭൂരിഭാഗവും ഇതിൽ ഉൾപ്പെട്ടുവല്ലോ. നമ്മുടെ പ്രവർത്തനങ്ങൾ മാത്രമല്ല നമ്മുടെ ചിന്തയും ആലോചനയും ഉദാത്തമാകണം.

തുടർന്ന് ‘ഉദരവും അത് ഉൾക്കൊള്ളുന്നവയും’ എന്നാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ ഉദ്ദേശ്യം നമ്മുടെ സമ്പാദ്യവും ഭക്ഷണവും ഹലാലായിത്തീരണമെന്നതാണ്. ഖേദകരമെന്ന് പറയട്ടെ, മതബോധമുള്ളവരായി കാണപ്പെടുന്നവരിൽ പലരും ഐഹിക ജീവിതത്തിൽ താൽകാലികമായി ഉണ്ടാകുന്ന പ്രതിസന്ധികൾക്കുള്ള പരിഹാരമായി പലിശയടക്കമുള്ള ഇടപാടുകളിൽ ഏർപ്പെടുന്നുവെന്നത് ഒരു വസ്തുതയാണ്. പെട്ടെന്ന് പണം സമ്പാദിക്കുന്നതിന് സമൂഹത്തിൽ വ്യത്യസ്തമായ മാർഗങ്ങളുണ്ട്. ഇത്തരം വഴികളിൽ പ്രവേശിച്ച് സർവവും നഷ്ടപ്പെട്ട് തീരാദുഃഖത്തിലകപ്പെട്ട എത്രയോ ആളുകൾ നമുക്ക് ചുറ്റുമുണ്ട്. പാരത്രിക വിജയം ആഗ്രഹിക്കുന്നവൻ ഇഹലോകത്തെ ആഡംബരങ്ങളിൽ ഭ്രമിക്കുകയില്ലെന്ന് തുടർന്ന് പറയുമ്പോൾ ഇതെത്രമാത്രം പരസ്പര പൂരകങ്ങളാണെന്ന് വ്യക്തമാകുന്നു.

പ്രവാചകൻ പ്രാർഥിക്കാറുണ്ടായിരുന്ന ഒരു പ്രാർഥനയിൽ ഇങ്ങനെ കാണാനാകും: ‘നാഥാ, നീ ഇഹലോകത്തെ ഞങ്ങളുടെ ഏറ്റവും വലിയ വ്യഥയും വിചാരവുമാക്കിത്തീർക്കരുതേ.’

ഒരു മനുഷ്യനെ സംബന്ധിച്ച് അവന്റെ ആകുലതയും ആഗ്രഹവും രണ്ട് കാര്യങ്ങിൽ മാത്രം ബന്ധപ്പെട്ടാണുള്ളത്. ഒന്ന് പാരത്രിക വിജയം, മറ്റേത് ഐഹിക നേട്ടം. ഐഹികമായ വിജയം മാത്രമാണ് ഒരു മനുഷ്യന്റെ ലക്ഷ്യമെങ്കിൽ, ഇഹലോകത്തെ പരാജയത്തിലാണ് അവന്റെ ഭയമെങ്കിൽ അവൻ മുന്നിൽ കാണുന്ന കാര്യങ്ങളൊക്കെയും അവന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മാറ്റിയെടുക്കുന്നതിൽ ബദ്ധശ്രദ്ധനാവുക സ്വാഭാവികമാണ്. സത്യവും അസത്യവും ധർമവും അധർമവും നീതിയും അനീതിയും എന്ന വേർതിരിവൊന്നും അവന്റെ മുമ്പിലുണ്ടാകില്ല. ഭൗതിക നേട്ടത്തിനായി ഏത് നീചമാർഗവും അവൻ സ്വീകരിക്കും. എന്നാൽ പാരത്രികമായ വിജയവും അവിടെയുള്ള കടുത്ത ശിക്ഷയിൽനിന്നുള്ള മോചനവുമാണ് ഒരാൾ ആഗ്രഹിക്കുന്നതെങ്കിൽ അയാൾ സ്വാഭാവികമായും സമൂഹത്തിൽ ഉൽകൃഷ്ടരും ആത്യന്തിക വിജയം നേടുന്നവനുമായിത്തീരും.



‘ലജ്ജാശീലം നന്മയല്ലാതെ മറ്റൊന്നും കൊണ്ടുവരികയില്ല’ എന്ന തിരുവചനം ഇതിനോട് ചേർത്ത് വായിക്കാൻ നമുക്ക് സാധിക്കും.

ടി.കെ.അശ്റഫ്
tkashraf100@gmail.com





# കൂട്ടായ്മയിൽനിന്ന് അകലുമ്പോൾ...

**കു**ടുംബരംഗത്തും സാമൂഹ്യജീവിതത്തിലും പ്രബോധന മേഖലയിലുമെല്ലാം ഒന്നിച്ച് നിൽക്കുമ്പോഴാണ് മനഃസംതൃപ്തിയോടെ മുന്നേറാനാവുക.

കൂട്ടായ്മയിലാണ് കരുത്ത്. തിന്മയിലേക്ക് തിരിഞ്ഞ് പോകാതിരിക്കാനുള്ള ഒരു വേലികൂടിയാണ് കൂട്ടായ്മ. ഒറ്റപ്പെടുന്നത് നാം സൂക്ഷിക്കണം.

മനുഷ്യൻ ദുർബലനാണ്. അവന്റെ മനസ്സ് ചഞ്ചലിതമാണ്. രാവിലെ വിശ്വാസിയായവൻ വൈകുന്നേരം അവിശ്വാസിയും വൈകുന്നേരം അവിശ്വാസിയായവൻ രാവിലെ വിശ്വാസിയും ആകാൻ സാധ്യതയുണ്ടെന്ന പ്രവാചക വചനം ശ്രദ്ധേയമാണ്. നിരന്തരമായ പ്രാർഥനയും പ്രവർത്തനവും നന്മയിൽ നിലനിൽക്കാൻ അനിവാര്യമാണ്.

നമസ്കാരത്തിൽ അഞ്ച് തവണ 'ഞങ്ങളെ നീ നേരായ പാതയിൽ നയിക്കേണമേ' എന്ന് നമ്മെക്കൊണ്ട് അല്ലാഹു നിർബന്ധമായും പ്രാർഥിപ്പിക്കുന്നത് മനസ്സിന്റെ വേഗത്തിലുള്ള ഈ മാറ്റം കാരണമാണ്.

ചുറ്റുപാടിനും സഹജീവികൾക്കും വ്യക്തിയുടെ ജീവിതത്തിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ സാധിക്കും. നന്മയുടെ സാഹചര്യത്തിൽ ജീവിക്കുന്നവന് അത്ര പെട്ടെന്നൊന്നും തിന്മ ചെയ്യാനാവില്ല. തിന്മയുടെ ഇടങ്ങളിൽ നന്മ കൈമോശം വരാൻ സാധ്യത ഏറെയാണ്.

കൂട്ടായ്മയിൽ നിന്ന് വിട്ടുനിൽക്കാൻ കണ്ടെത്തുന്ന കാരണങ്ങൾ പലപ്പോഴും നിസ്സാരമായിരിക്കും. അത്തരക്കാർക്ക് ദോഷൈകദൃഷ്ടിയോടെ മാത്രമെ കൂട്ടായ്മയെ നോക്കിക്കാണാൻ സാധിക്കുകയുള്ളൂ. ഇല്ലാത്ത ദോഷങ്ങൾ കെട്ടിപ്പറയാൻ അങ്ങനെയുള്ളവർ രംഗത്ത് വന്നേക്കാം. കൂട്ടായ്മയുടെ കുറ്റം കണ്ടെത്തലാണ് തന്റെ ഒഴിഞ്ഞു നിൽക്കൽ ന്യായീകരിക്കാനുള്ള എളുപ്പവഴി. നന്മയുടെ സംഘത്തിൽ നിന്ന് മാറിനിൽക്കുമ്പോഴുള്ള ആത്മസംഘർഷത്തിന് അയവ് വരുത്താൻ പ്രതിലോമപ്രവർത്തനത്തിൽ അഭയം തേടുകയാണ് പതിവ്.

പ്രബോധന കൂട്ടായ്മയിൽ നിന്ന് മാറിനിന്നാൽ അതിന്റെ ആത്യന്തികദോഷം വ്യക്തിക്ക് തന്നെയായിരിക്കും. പ്രബോധന പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നതിലൂടെ അതു വരെയുണ്ടായിരുന്ന നല്ല സുഹൃദ് ബന്ധങ്ങളെക്കൂടിയാണ് വിഛേദിക്കുന്നത്.

ക്രമേണ വികലമായ ജീവിതവീക്ഷണമുള്ളവരിലേക്ക് ബന്ധങ്ങൾ പറിച്ച് നടപ്പെടും. സ്വാഭാവികമായും ഉദ്ബോധനങ്ങളും ഉപദേശങ്ങളും കേൾക്കാനുള്ള അവസരങ്ങൾ കുറഞ്ഞ് വരും. ഉത്തമമായ ഗുണങ്ങളിൽ നിന്നുള്ള തിരിഞ്ഞ് നടത്തം ഉദ്ബോധനങ്ങൾ അവസാനിക്കുന്നിടത്ത് ആരംഭിക്കും. ദിവസങ്ങൾ പിന്നിടുംതോറും ദേഹേച്ഛയുടെ പിടിയിലമരും. നിരന്തരമായി ഉപദേശിച്ചിരുന്നവർ അതിൽ നിന്ന് പിന്തിരിയുകയും ഉപദേശം ശ്രവിച്ചിരുന്നവർ അത് അവസാനിപ്പിക്കുകയും ചെയ്താൽ മനസ്സിൽ മാറാല കെട്ടും. നാം അറിയാതെ നന്മയിൽ നിന്നകലുമ്പോഴും നന്മയിൽ തന്നെയാണെന്ന വിചാരം മനസ്സിൽ നിലനിൽക്കും. യഥാർഥത്തിൽ നന്മയിൽ നിന്ന് ബഹുദൂരം അകന്നിരിക്കും. അവരെ വീക്ഷിക്കുന്നവർക്ക് അവരുടെ ജീവിതനിലപാടുകളിൽ വന്ന വ്യതിയാനത്തെ വേഗത്തിൽ തിരിച്ചറിയാനാകും. ഭാഷ, ഇടപെടലുകൾ, പുതിയ കൂട്ടുകെട്ട്, അഭിപ്രായ പ്രകടനങ്ങൾ, ഓൺലൈൻ പോസ്റ്റുകൾ എന്നിവയിലെല്ലാം നിലപാട് മാറ്റത്തിന്റെ അടയാളങ്ങൾ കാണുവാൻ കഴിയും.

അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് മാറിനടക്കുന്നവരുടെ കൂട്ടുകാരൻ പിശാചായിരിക്കും. അവർ ചെയ്യുന്നതെല്ലാം പിശാച് നന്മയായി തോന്നിപ്പിക്കുകയും ചെയ്യും.

**പ്രബോധന കൂട്ടായ്മയിൽ നിന്ന് മാറിനിന്നാൽ അതിന്റെ ആത്യന്തികദോഷം വ്യക്തിക്ക് തന്നെയായിരിക്കും. പ്രബോധന പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നതിലൂടെ അതു വരെയുണ്ടായിരുന്ന നല്ല സുഹൃദ് ബന്ധങ്ങളെക്കൂടിയാണ് വിഛേദിക്കുന്നത്. ക്രമേണ വികലമായ ജീവിതവീക്ഷണമുള്ളവരിലേക്ക് ബന്ധങ്ങൾ പറിച്ച് നടപ്പെടും. സ്വാഭാവികമായും ഉദ്ബോധനങ്ങളും ഉപദേശങ്ങളും കേൾക്കാനുള്ള അവസരങ്ങൾ കുറഞ്ഞ് വരും. ഉത്തമമായ ഗുണങ്ങളിൽ നിന്നുള്ള തിരിഞ്ഞ് നടത്തം ഉദ്ബോധനങ്ങൾ അവസാനിക്കുന്നിടത്ത് ആരംഭിക്കും. ദിവസങ്ങൾ പിന്നിടുംതോറും ദേഹേച്ഛയുടെ പിടിയിലമരും. നിരന്തരമായി ഉപദേശിച്ചിരുന്നവർ അതിൽ നിന്ന് പിന്തിരിയുകയും ഉപദേശം ശ്രവിച്ചിരുന്നവർ അത് അവസാനിപ്പിക്കുകയും ചെയ്താൽ മനസ്സിൽ മാറാല കെട്ടും. നാം അറിയാതെ നന്മയിൽ നിന്നകലുമ്പോഴും നന്മയിൽ തന്നെയാണെന്ന വിചാരം മനസ്സിൽ നിലനിൽക്കും. യഥാർഥത്തിൽ നന്മയിൽ നിന്ന് ബഹുദൂരം അകന്നിരിക്കും.**

അല്ലാഹു പറയുന്നത് നോക്കൂ: "പരമകാരുണികന്റെ ഉദ്ബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കും. എന്നിട്ട്(പിശാച്) അവന്ന് കൂട്ടാളിയായിരിക്കും" (ക്വുർആൻ 43:36).

പിശാചിന്റെ പിടിയിലമർന്നതിനാൽ മ്ലേഛമായ പരിസരത്ത് ഒരാൾ എത്തിപ്പെട്ടത് സമൂഹം മുഴുവൻ മനസ്സിലാക്കിയാലും അകപ്പെട്ട വ്യക്തിക്ക് മാത്രം അത് തിരിച്ചറിയാനാവില്ല. നമസ്കാരം ഉപേക്ഷിക്കുമ്പോഴും ഇസ്‌ലാമിക ചിഹ്നങ്ങൾ കൊഴിഞ്ഞു പോകുമ്പോഴും ഇസ്‌ലാമിക സംസ്കാരത്തോട് വിമുഖതയുള്ളവരുമായി അടുത്ത ബന്ധം സ്ഥാപിക്കുമ്പോഴും അവരുടെ മനസ്സിൽ യാതൊരു പ്രയാസവും അനുഭവപ്പെടില്ല.

പ്രബോധന കൂട്ടായ്മകളിൽ നിന്ന് നാം മാറിനിന്നാലും നമ്മെക്കാൾ കഴിവും പ്രാപ്തിയുമുള്ളവരുടെ നിഷ്കളങ്കമായ അധ്വാനത്തിലൂടെ കൂട്ടായ്മ അഭംഗുരം മുന്നേറും. ആത്യന്തികമായ നഷ്ടം മാറിനിന്നവർക്ക് മാത്രമായിരിക്കും. ●

പി.വി ഉമർകുട്ടി ഹാജി (റഹി)
തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി



ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും: 9



# മഹല്ല് പ്രവർത്തനം

**1932-33** കാലത്ത് പി.വി. മുഹമ്മദാജി പ്രസിഡന്റായി. ഒതായി പള്ളി പരിപാലന സംഘം എന്ന പേരിൽ സ്ഥാപിതമായ ഒരു കമ്മറ്റിയാണ് ഈ മഹല്ലിന്റെ ദീനീകാര്യങ്ങളുടെ ചുമതല വഹിച്ചിരുന്നത്. മുസ്‌ലിയാർക്കും മൊല്ലക്കും ശമ്പളം കൊടുക്കാൻ വരിസംഖ്യയും തൂക്കരിയും ഹാജിയാർ പള്ളിയാളിയിൽനിന്ന് കിട്ടിയിരുന്ന 25 പറ നെല്ലുമായിരുന്നു അവലംബം. എന്നാൽ ഈ 25 പറ നെല്ലുതന്നെ പലപ്പോഴും കിട്ടാറുണ്ടായിരുന്നില്ല. വരിസംഖ്യ തരാത്തതിന് എല്ലാ വെള്ളിയാഴ്ചയും പള്ളിയിൽ ചോദ്യോത്തരവും ബഹളവും നടക്കുക പതിവായിരുന്നു. 1937ൽ ഞാൻ സ്കൂൾ വിട്ട് വന്നശേഷം പള്ളി പരിപാലന സംഘത്തിൽ എന്നെയും ഒരംഗമായി തെരഞ്ഞെടുത്തു.

സ്കൂളിൽ പഠിക്കുന്ന കാലത്ത് നാട്ടിനെയും സമുദായത്തെയും എങ്ങനെ സേവിക്കാമെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ടായിരുന്നു. കഴിവിന്റെ പരമാവധി സമുദായ സേവനം നടത്തണമെന്നായിരുന്നു എന്റെ ആഗ്രഹം. ഈ രംഗത്ത് കാര്യമായി പ്രവർത്തിച്ചു വന്നിരുന്ന പിതാവിന്റെ മാർഗത്തിൽ പ്രവർത്തിക്കാൻ എനിക്ക് എളുപ്പത്തിൽ സാധിച്ചു. അങ്ങനെ നാട്ടിൽ വന്ന് ഒന്നുരണ്ട് കൊല്ലം പ്രവർത്തിച്ചപ്പോൾ വെള്ളിയാഴ്ച തോറും പള്ളിയിൽ വെച്ച് വരിസംഖ്യ തരാത്തതിന്റെ പേരിൽ ഉണ്ടാകുന്ന ബഹളത്തിന് ഒരു

ശാശ്വത പരിഹാരമുണ്ടാകുന്നത് എങ്ങനെ എന്നായി എന്റെ ചിന്ത.

അന്ന് നാട്ടിൽ ധാരാളം കുറിക്കല്യാണങ്ങൾ നടന്നിരുന്നു. ഏതു ചില്ലറക്കാരനും അഞ്ഞൂറും ആയിരവും ഉറുപ്പിക കിട്ടുമായിരുന്നു. ഒരു ദിവസം അസ്ർ നമസ്കാരം കഴിഞ്ഞ് പള്ളിയിൽ നിന്നു വരുമ്പോൾ ഞാനും മറ്റു ചില സുഹൃത്തുക്കളും വാപ്പ മുഹമ്മദാജിയുടെ പിന്നാലെ വട്ടിക്കുന്നുമ്മൽ എത്തി. സംഘത്തിലേക്ക് ഒരു സ്വത്ത് വാങ്ങുന്നതിനെ സംബന്ധിച്ച് ആലോചിച്ചു. അതിലേക്ക് ആദ്യമായി ഒരു 'സഹായ കല്യാണം' കഴിച്ച് കുറച്ചു പണം ഉണ്ടാക്കാമെന്നുള്ള അഭിപ്രായം മുഹമ്മദാജിയുടെ മുമ്പിൽ വെച്ചു. സംഗതി വളരെ നല്ലതാണെന്നും ഞാൻ വളരെ മുമ്പുതന്നെ ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണിതെന്നും മുഹമ്മദാജി പറഞ്ഞു. സഹായ ക്ല്യാണത്തിന് കത്ത് നടത്തുവാൻ കാര്യപ്പെട്ടവർ തന്നെ ഇറങ്ങി നടക്കണമെന്നും അഭിപ്രായപ്പെട്ടു.

കത്തടിപ്പിച്ച് ഞാനടക്കമുള്ള കുറെ ചെറുപ്പക്കാർ വീടുവീടാന്തരം നടന്ന് കത്ത് നടത്തി. ലളിതമായ രൂപത്തിൽ ക്ല്യാണം നടന്നു. അന്ന് 900 ഉറുപ്പിക പിരിഞ്ഞു കിട്ടി. അതോടു കൂടി ഞങ്ങൾക്കാവേശം കൂടി. കെ.കെ.എം. ജമാലുദ്ദീൻ മൗലവി മുതലായവരെ കൊണ്ടുവന്നു തുടർച്ചയായി വഅളു പരമ്പര നടത്തി. കുട്ടികളും സ്ത്രീകളും അന്യനാട്ടുകാരും അടക്കം ഒരു വലിയ ജനാവലി നിത്യവും വഅളു പരിപാടിയിൽ പങ്കെടുക്കാറുണ്ടായിരുന്നു. പല സാധനങ്ങളും, ചിറ്റും കാതിലയും വെള്ളിയും കിട്ടിക്കൊണ്ടിരുന്നു. അവ ലേലംചെയ്ത് വിറ്റ വകയിൽ 800 ഉറുപ്പികയിലധികം കിട്ടി.

നാട്ടിൽ ചെറുപ്പക്കാർ വീടുവീടാന്തിരം കയറിയിറങ്ങി ഒരു സംഖ്യ പിരിച്ചുണ്ടാക്കി. പി.വി. മുഹമ്മദാജി, പുറത്ത് കല്ലടി ഉണ്ണിക്കമ്മു സാഹിബ്, എൻ.സി. കോയക്കുട്ടി ഹാജി, അത്തിക്കൽ അഹമ്മദ് കുട്ടി ഹാജി സാഹിബ് മുതലായവരിൽ നിന്നും മറ്റും ഒരു സംഖ്യയും പിരിച്ചുണ്ടാക്കി. അന്നും ഈ സംരംഭങ്ങൾക്ക് ഈ നാട്ടിൽ എതിരുണ്ടായിരുന്നു. 'ഇതു തട്ടിപ്പാണ്, പിരിവ് കൊടുക്കരുത്'എന്ന് പറഞ്ഞ് മേൽപറഞ്ഞ ആളുകൾക്ക് തന്നെ കത്തുകൾ കിട്ടിക്കൊണ്ടിരുന്നു.

ഈ കാരണത്താൽ ആധാരം രജിസ്റ്റർ കഴിഞ്ഞാൽ ആധാരത്തിന്റെ കോപ്പി അയച്ചുകൊടുക്കണമെന്ന് കാണിച്ച് ഉണ്ണിക്കമ്മു സാഹിബ് മുഹമ്മദാജിക്ക് കത്തയക്കുകയും അതനുസരിച്ച് ആധാരത്തിന്റെ ഒരു കോപ്പി അദ്ദേഹത്തിന് അയച്ചു കൊടുക്കുകയുമുണ്ടായി.

അങ്ങനെ സ്വരൂപിച്ചു കിട്ടിയ 3000 രൂപ കൊണ്ട് 300 പറ നെല്ല് പാട്ടം കിട്ടുന്ന നരിമൂളി നിലം കാരക്കുന്നിൽ പുലത്ത് രജിസ്റ്റർ ചെയ്ത് വാങ്ങുവാൻ സാധിച്ചു. പുലത്ത് കാരക്കുന്നിൽ തന്നെ ഐദറു എന്നൊരാൾക്ക് മേപ്പടിനിലം 300 പറ നെല്ല് പാട്ടത്തിന് രജിസ്റ്റർ പാട്ടശീട്ട് പ്രകാരം ഏൽപിച്ചു കൊടുത്തു.

ഒതായി പടിക്കൽ പള്ളിയാളിയിൽ വേനൽക്കാലം മുഴുവൻ പ്രസംഗ പരമ്പര നടത്തിക്കൊണ്ടിരുന്നു. അങ്ങനെയാണ് പടിക്കൽ പള്ളിയാളിക്ക് 'തൗഹീദ് നഗർ' എന്ന പേര് കിട്ടിയത്.

1944ൽ സംഘത്തിന്റെ പേർ 'ജംഇയ്യത്തുൽ മുഖ്‌ലിസീൻ' എന്നാക്കി. 1948ൽ ആ പേരിൽ സംഘം രജിസ്റ്റർ ചെയ്യുകയും ചെയ്തു. എൻ.വി.അബ്ദുസ്സലാം മൗലവിയുടെ അധ്യക്ഷതയിൽ 1944ൽ സംഘത്തിന്റെ ഒരു വാർഷിക യോഗം കൊണ്ടാടുകയുണ്ടായി. അന്ന് എ. അലവി മൗലവി സാഹിബാണ് സംഘത്തിന് 'മുഖ്‌ലിസീൻ സംഘം' എന്ന പേര് നിർദേശിച്ചത്.

ഹാജിയാർ പള്ളിയാളി പി.വി. ഉമ്മർ ഹാജിയാണ് വക്ഫ് ചെയ്തത്. മുഹമ്മദാജിയുടെ മൂത്ത ജ്യേഷ്ടൻ ഉസ്സൻകുട്ടി എന്നവരായിരുന്നു അത് കൈകാര്യം നടത്തിയിരുന്നത്. ജ്യേഷ്ടനോട് മേപ്പടി സ്വത്ത് വീണ്ടെടുത്ത് കമ്മറ്റിക്കേൽപിച്ചത് മുഹമ്മദാജി ആയിരുന്നു.

മേൽ നിലത്തിന്മേൽ മഞ്ചേരി മൊയ്തീൻ കുട്ടി കുരിക്കളുടെ ഒരു ജപ്തി വന്നു. ആ ജപ്തി നേരിടാൻ വേണ്ടി ഹാജിയാർ പള്ളിയാളി വേറെ വഹകളോടുകൂടി ചെറാതൊടിക അഹമ്മദിനെക്കൊണ്ട് ഒരു പാട്ടശീട്ട് എഴുതിച്ചു. ആ പാട്ടശീട്ട് വകവെക്കാതെ മഞ്ചേരി മുൻസിഫ് കോടതി ജപ്തി ചെയ്തു. ലേലത്തിൽ വിറ്റപ്പോൾ മുഹമ്മദാജി ലേലത്തിൽ കൊണ്ട് സന്നദ് വാങ്ങി വീണ്ടും കമ്മറ്റിക്ക് ഏൽപിച്ചു കൊടുത്തു. ചെറാതൊടിക അഹമ്മദ് തന്നെയായിരുന്നു ഭൂമി നടത്തിയിരുന്നത്. പിന്നീട് അഹമ്മദിന് 3000 രൂപ പ്രതിഫലം കൊടുത്താണ് ഭൂമി ഒഴിപ്പിച്ചു വാങ്ങിയത്.

ഇന്ന് സ്കൂൾ നടക്കുന്ന മദ്റസാ കെട്ടിടവും വളപ്പും പി.വി. മുഹമ്മദാജി തന്റെയും ഭാര്യ കെ.വി. ആമിന ക്കുട്ടി ഉമ്മയുടെയും പരലോക മോക്ഷത്തിനുവേണ്ടി വക്ഫ് ചെയ്തു കമ്മറ്റിക്ക് ഏൽപിച്ചു തന്നതാണ്.

1962ലാണ് പാറമല മുതലായ 52 ഏക്ര സ്ഥലം കമ്മറ്റിക്ക് മുഹമ്മദാജി തന്നെ വക്ഫ് ചെയ്ത് ഏൽപിച്ചു തന്ന

ത്. പാറമലയിൽ അന്നുണ്ടായിരുന്ന വിറകും മരവും വിറ്റ പണം കൊണ്ടാണ് പുള്ളിയിൽ തോട്ടം വിലക്കു വാങ്ങിയത്.

ആര്യന്തൊടികയിൽ പുന്നോത്ത് പാടം അമ്പത് പാട്ടത്തിന്റെ ഭൂമി മുഹമ്മദാജിയുടെ മകൾ പി.വി. നഫീസക്കുട്ടി വക്ഫ് ചെയ്ത് കമ്മറ്റിക്ക് ഏൽപിച്ചു കിട്ടിയതാണ്. ചില്ലറ സ്വത്തുക്കൾ വേറെയും സംഘത്തിലേക്ക് വക്ഫ് ചെയ്ത് കിട്ടിയിട്ടുണ്ട്. ഒതായി ചാലിൽ ഏക്ര സ്ഥലം പി.വി.മുഹമ്മദലി ഹാജി വക്ഫ് ചെയ്തിട്ടുണ്ട്. ദീർഘം ഭയന്ന് ചുരുക്കുന്നു.

**ഇസ്‌ലാഹി പ്രവർത്തനങ്ങൾ**

ഒതായി ജംഇയ്യത്തുൽ മുഖ്‌ലിസീൻ സ്ഥാപക മെംബർ, ആദ്യം അസിസ്റ്റന്റ് സെക്രട്ടറി, അതിൽ പിന്നെ സെക്രട്ടറി. പിന്നെ വൈസ് പ്രസിഡന്റ്, 1953 മുതൽ 87 കൂടി 34 കൊല്ലം മുഖ്‌ലിസീൻ സംഘം പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ ഈയുള്ളവൻ വഹിച്ചു.

1980 ആകുമ്പോഴേക്കും സംഘം നടത്തിപ്പിൽ കൂട്ടുകാരുടെ അലസത, സ്വന്തം ആരോഗ്യക്കുറവ് ഇതുകൾ കാരണം കമ്മറ്റിയിൽ നിന്ന് ഒഴിഞ്ഞുനിന്നാൽ കൊള്ളാമെന്ന് ആഗ്രഹം തുടങ്ങി. ഒരുത്തരവാദിത്തമുള്ള പിൻതലമുറക്ക് ചുമതല ഏൽപിക്കണമെന്ന് സ്വമനസ്സാൽ തീരുമാനിച്ചു. പലസന്ദർഭങ്ങളിലും അതിനുവേണ്ടി ശ്രമിച്ചുവെങ്കിലും സാധ്യമാവാതെ 1987വരെ നീണ്ടുപോന്നു. 1984,85,86ൽ സംഘം സാമ്പത്തികമായി സ്വയം പര്യാപ്തത നേടിയിരുന്നുവെങ്കിലും കാര്യക്ഷമമായി നടത്തിപ്പിന് സഹകരിക്കാൻ ആളില്ലാതെ വിഷമിച്ചാണ് മുമ്പോട്ട് പോയിരുന്നത്. സ്വയം ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറി പോവുക എന്നുള്ള കുറ്റത്തിൽനിന്ന് രക്ഷപ്പെടാനും ഏറ്റെടുത്ത ചുമതല പൂർണമായും നിറവേറ്റാൻ സാധിക്കാത്ത അവസ്ഥ വന്നതുകൊണ്ടാണ് ഞാൻ 1987ൽ പൂർണമായും കമ്മറ്റിയിൽനിന്നും ഒഴിവായി നിന്നത്.

തെരഞ്ഞെടുപ്പ് നടത്താൻ പോകുന്ന സന്ദർഭത്തിൽ തെരഞ്ഞെടുപ്പ് നീട്ടിവെക്കണമെന്ന് ഞാനുൾക്കൊള്ളുന്ന ഒരു പ്രധാന രാഷ്ട്രീയ പാർട്ടിയുടെ അപേക്ഷ തള്ളിക്കൊണ്ടാണ് ഞാൻ തെരഞ്ഞെടുപ്പ് നടത്തിയത്. ആ രാഷ്ട്രീയ പാർട്ടി പൂർണമായും തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയാൽ ഏകപക്ഷീയമായ തെരഞ്ഞെടുപ്പാണ് നടന്നത്. ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ വേണ്ടി ചേർന്ന യോഗത്തിൽ ഞാൻ പങ്കെടുത്തില്ല. അത് കാരണമായി കമ്മറ്റി അംഗങ്ങൾ എന്റെ വീട്ടിൽവന്ന് കമ്മറ്റി യോഗത്തിൽ പങ്കെടുക്കണമെന്നും പ്രസിഡന്റ് സ്ഥാനം വഹിക്കണമെന്നും എന്നോടാവശ്യപ്പെട്ടുവെന്നത് അന്യത്ര സൂചിപ്പിച്ചുവല്ലോ.

സംഘത്തിന്റെ സുഗമമായ നടത്തിപ്പിന് സാമ്പത്തികമായി ഭദ്രതനേടിയ ഈ അവസരത്തിൽ ഇനി ഞാൻ തുടരേണ്ടതില്ല എന്നും, ഉള്ളത് നന്നാക്കിക്കൊണ്ടു പോയാൽ മതി ഇനി ഞാൻ തുടരുന്നതിൽ അർഥമില്ല എന്നും ഞാൻ തീർത്തു പറയുകയുണ്ടായി. അടുത്ത പ്രസിഡന്റ് ആരായിരിക്കണമെന്ന് എന്റെ അഭിപ്രായം ചോദിച്ചപ്പോൾ മുഹമ്മദലി ഹാജിയെ പ്രസിഡന്റാക്കാൻ ഞാൻ നിർദേശിക്കുകയും ചെയ്തു.

പ്രസിഡന്റായി തുടരണമെന്നാവശ്യപ്പെട്ടു വന്നവരിൽ ഷൗക്കത്തലി ഹാജിയും മുഹമ്മദലി ഹാജിയും ഉണ്ടായിരുന്നു. ഷൗക്കത്തലി ഹാജിയുടെ പേര് നിർദേശിക്കാതെ മുഹമ്മദലി ഹാജിയുടെ പേര് നിർദേശിച്ചതുകൊണ്ടായിരിക്കാം അദ്ദേഹം പിന്നീട് പല കുഴപ്പങ്ങളും ഉണ്ടാക്കി.

1987വരെയുള്ള കാലത്തെ കമ്മറ്റിയുടെ നേട്ടങ്ങൾ:

1. നരിമൂളി നിലം (300 പാട്ടം കിട്ടുന്ന ഭൂമി വിലക്കുവാങ്ങി).

2. കരിമ്പുമല വനസംരക്ഷണ സംഘത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി വാങ്ങുകയും കശുവണ്ടി വെച്ചുപിടിപ്പിച്ച് തോട്ടമാക്കുകയും ചെയ്തു. തോട്ടത്തിൽനിന്ന് ഒരുലക്ഷത്തിലധികം ഉറുപ്പിക വരുമാനം ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നു.

3. പുള്ളിയിൽ തോട്ടം വിലക്കുവാങ്ങി.

4. ഭൂനിയമം നടപ്പിൽ വരുന്ന കാലത്ത് രജിസ്റ്റർ പാട്ടശീട്ട് പ്രകാരം കൈവശക്കാരനായിരുന്ന ഐദറു എന്ന ആളിൽനിന്ന് തന്ത്രപൂർവം നരിമൂളി നിലം ഒഴിഞ്ഞു വാങ്ങി. വേറെ പാട്ടത്തിന് ഏൽപിക്കുകയും പിന്നീട് വിറ്റ് തീറെഴുതി കൊടുക്കുകയും ചെയ്തു.

5. പ്രതിഫല സംഖ്യകൊണ്ട് ഈ മഹല്ലിൽ തന്നെ പാലക്കൽ നമ്പൂതിരിയോട് നാനൂറുപറ പാട്ടം കിട്ടുന്ന ഭൂമി തീരെഴുതി വാങ്ങി. സംഘം നേരിട്ട് കൃഷി നടത്തുവാൻ തുടങ്ങി. രജിസ്ട്രേഡ് പാട്ടശീട്ട് പ്രകാരം കുടിയാന്മാരുടെ കൈവശത്തിലായിരുന്ന മേപ്പടി ഭൂമി മുഴുവനും സംഘത്തിലേക്ക് ഒഴിഞ്ഞുവാങ്ങി സംഘം നേരിട്ട് കൃഷി നടത്തുവാൻ തുടങ്ങി. ഇതിൽ നെൽകൃഷി ആദായകരമല്ല എന്ന് കണ്ട സ്ഥലങ്ങളിൽ തെങ്ങിൻതൈ വെച്ചതിൽ നിന്ന് മാത്രം പതിനയ്യായിരം രൂപയിൽ കൂടുതൽ സംഖ്യ കൊല്ലത്തിൽ ആദായം ലഭിച്ചുകൊണ്ടിരിക്കുന്നു. ബാക്കി സ്ഥലങ്ങളിൽനിന്ന് നെല്ലും കിട്ടുന്നുണ്ട്.

6. 1957ൽ സ്കൂൾ വലുതാക്കി, വടക്കു ഭാഗത്തേ

ക്ക് ഒരു വലിയ ഹാളുണ്ടാക്കി.

7. സ്കൂൾ യു.പി.യാക്കി അംഗീകരിപ്പിച്ചു.

8. സ്കൂൾ സ്ഥലം പോരാതെ വന്നപ്പോൾ പടിഞ്ഞാറു ഭാഗത്ത് താഴ്‌വര വിസ്താരം കൂട്ടി ക്ലാസ്സ് നടത്തത്തക്ക രൂപത്തിലാക്കി.

9. സ്കൂളിന് പിന്നെയും സ്ഥലം പോരാതെ വന്നപ്പോൾ പുറത്ത് ഒരു ഷെഡ്ഡ് പണി ചെയ്തു.

10. പള്ളി സ്ഥലം പോരാതെ വന്നപ്പോൾ പള്ളി മാളികയാക്കി ഉയർത്തി. തെക്കു ഭാഗത്തേക്ക് ഒരു ഹാളും തെക്കുപടിഞ്ഞാറ് ഭാഗത്ത് ഒരു താഴ്‌വരയും ഉണ്ടാക്കി.

11. പള്ളിയുടെ വടക്ക് ഭാഗത്ത് സ്ത്രീകൾക്കു വേണ്ടി ഒരു ഹാളുണ്ടാക്കി. ഈ പണികൾക്കൊന്നും നാട്ടുകാരെ വിഷമിപ്പിച്ചിട്ടില്ല.

12. സ്ക്കൂളിൽ മദ്റസ നടത്തുന്നതുകൊണ്ട് അതിനെതിരിൽ പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുന്ന കാലത്ത് സ്കൂൾ മദ്റസക്ക് വേണ്ടി ഒഴിവാക്കി തരണമെന്ന് അങ്ങോട്ട് ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു സന്ദർഭം ഉണ്ടായിരുന്നു. അതുകൊണ്ടാണ് സ്കൂളിന്റെ വാടക വർധനവിനുവേണ്ടി സമ്മർദം ചെലുത്താതിരുന്നത്. 1968ലും 1974ലും വാടക വർധിപ്പിച്ചുകിട്ടാൻവേണ്ടി കാര്യമായ ശ്രമങ്ങൾ നടത്തിപ്പോന്നിട്ടുണ്ട്. ഗവൺമെന്റിലേക്ക് ഹരജികളും കൊടുത്തുപോന്നിട്ടുണ്ട്. പല സാങ്കേതിക തടസ്സങ്ങളും പറഞ്ഞ് ഗവർമെന്റ് നീട്ടിപ്പോന്നതാണ്. ഇന്നു പ്രാപ്തരായ ആൾക്കാർ മുമ്പ് ഞങ്ങൾ കൊടുത്ത ഹരജിയുടെ പിന്നിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് നാലഞ്ചുകൊല്ലം കഴിഞ്ഞു. ഒന്നും ആയിട്ടില്ല. ഗവൺമെന്റ് കാര്യങ്ങൾ പെട്ടെന്ന് ചുട്ടടുക്കാൻ സാധിക്കുകയില്ലന്ന് ഇപ്പോൾ മനസ്സിലായിട്ടുണ്ടാവും.

13. ഹാജിയാർ പള്ളിയാളി റബ്ബർ വെക്കാൻ തീരുമാനിക്കുകയും അതിന്റെ ചെലവിലേക്ക് 10,000 ഉറുപ്പിക നാലകത്ത് വീരാൻ ഹാജിയോട് തരാൻ ആവശ്യപ്പെടുകയും 5000 ഉറുപ്പിക വീരാൻ ഹാജിയോട് ഞാൻ വാങ്ങി പുതിയ കമ്മറ്റിക്ക് ഏൽപിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

കമ്മറ്റിക്ക് നിലവിലുള്ള വക്ഫ് സ്വത്തുക്കളെല്ലാം 1987ന് മുമ്പ് (മുൻ കമ്മറ്റിക്ക്) കിട്ടിയതാണ്.

ഇത്രയൊക്കെ ആറ്റുനോറ്റ് വളർത്തിയുണ്ടാക്കിയ ഒരു സംഘടന ഇന്ന് സ്വയം പര്യാപ്തത നേടിയ അവസരത്തിൽ ഞാൻ തന്നെ മുൻകൈ എടുത്ത്, ഞാനുൾക്കൊള്ളുന്ന ഒരു സംഘടന ബഹിഷ്ക്കരിച്ചിട്ടും തെരഞ്ഞെടുപ്പു നടത്തിയാണ് പുതിയ കമ്മറ്റി നിലവിൽ വന്നത്. ആ കമ്മറ്റിയിലും ഞാൻ അംഗമാണ്. അതിനു ശേഷം ആദ്യമായി നടന്ന പൊതുയോഗത്തിലും മറ്റുപൊതുയോഗങ്ങളിലും ഉത്തരവാദിത്തമുള്ളവർ പറഞ്ഞു കൂട്ടിയ കളവുകൾ നാട്ടുകാർ ഓർക്കുന്നുണ്ടാവും. ഇത്രയും കാലം കൊണ്ടുനടന്ന ഒരു സ്ഥാപനത്തിന്റെ കാരണവർ എന്നനിലക്ക് പ്രധാന കാര്യങ്ങൾ കൂടിയാലോചിക്കുമെന്ന് ഞാൻ കരുതിയിരുന്നു. അങ്ങനെ ആലോചിക്കാതെ ചെയ്ത പടുവങ്കത്തം എത്രയാണെന്ന് ഞാൻ പറയുന്നില്ല. നാട്ടുകാർക്കറിയാം. ഇത്തരം ഒരു നടപടി പിൻഗാമികളിൽനിന്ന് പ്രതീക്ഷിച്ചിട്ടില്ലായിരുന്നു.

1949ന് ശേഷം ഞാൻ വൈസ്പ്രസിഡന്റും വാപ്പ പ്രസിഡന്റുമായിരുന്നു. എന്നാൽ എല്ലാകാര്യങ്ങളും ഞാനായിരുന്നു നടത്തിവന്നത്. 1953മുതൽ ഞാൻ പ്രസിഡന്റായി. അക്കാലത്തും പ്രധാന കാര്യങ്ങൾ വാപ്പയുമായി കൂടിയാലോചിക്കാതെ ചെയ്തിരുന്നില്ല.

1955ൽ വാപ്പ എടവണ്ണക്ക് താമസം മാറ്റി. എന്നിട്ടും കൂടിയാലോചിക്കാതെ പ്രധാന കാര്യങ്ങളൊന്നും ഞാൻ കൈകാര്യം ചെയ്തിരുന്നില്ല. കാരണം വാപ്പ എന്ന നിലക്ക് മാത്രമല്ല, പരിചയ സമ്പന്നനായ ഒരു കാരണവർ, സ്ഥാപക നേതാവ് എന്നീ നിലകളിൽ പാടേ അവഗണിച്ചുകൊണ്ടുള്ള ഒരു പോക്ക് അപ്രായോഗികമാണ് എന്ന് തോന്നിയതുകൊണ്ടാണ്. അതുകൊണ്ടാണ് ഇത്രയും സ്വത്തുക്കളൊക്കെ വക്ഫ് ചെയ്തു കിട്ടിയത്.

രാഷ്ട്രീയത്തിനു വേണ്ടിയായാലും ഇത്രയൊക്കെ ആവശ്യമുണ്ടോ? ആ പറഞ്ഞു കൂട്ടിയ കള്ളവാക്കുകളും പ്രസംഗങ്ങളും നന്നായോ? സ്വയം ഒന്നു ചോദിച്ചു നോക്കുന്നത് നന്നായിരിക്കും. എല്ലാം ശ്രദ്ധിച്ച് കാണുന്ന കേൾക്കുന്ന ഒരു റബ്ബുണ്ട് എന്ന കാര്യം വിസ്മരിക്കുന്നത് ശരിയാണോ?. എനിക്കിതൊക്കെ പറയാനും ചെയ്യാനുമുള്ള അടിസ്ഥാനം എവിടെനിന്നുണ്ടായി?

എന്നെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ഏറ്റെടുത്താൽ അത് നിഷ്കളങ്കമായും നിസ്വാർഥമായും അല്ലാഹുവിന് വേണ്ടി പ്രവർത്തിക്കുക എന്നുള്ളത് മാത്രമാണ് ലക്ഷ്യം. അതിന് സാധിക്കാതെ വരുന്ന സന്ദർഭത്തിൽ ഉത്തരവാദിത്തം ഒഴിഞ്ഞുകൊടുത്ത് സ്വയം ഒഴിവാകുക എന്നതാണ് അഭികാമ്യമായി ഞാൻ കരുതുന്നത്. ഉത്തരവാദിത്തത്തിൽനിന്ന് ഒളിച്ചോടിപ്പോകുന്നത് ശരിയല്ല എന്നതുകൊണ്ടും അത് അല്ലാഹു ഇഷ്ടപ്പെടാത്ത കാര്യമായതുകൊണ്ടും എടുത്തപണി ഒരു അത്താണിയിൽ എത്തട്ടെ എന്ന് കരുതിയും അൽപം താസിച്ചു എന്നേയുള്ളൂ. ●

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# സംതൃപ്തിയുടെ തെളിനീർ മഴ

കാലം നോക്കാതെ മഴപെയ്യുന്ന വനപ്രദേശത്തിലൂടെയായിരുന്നു ഞങ്ങൾ നാല് കൂട്ടുകാർ യാത്ര ചെയ്തുകൊണ്ടിരുന്നത്. വീതികുറഞ്ഞ റോഡിന് ഇരുവശങ്ങളിലും മാനം മുട്ടെ മരങ്ങൾ നിവർന്നു നിൽക്കുന്നു. ദക്ഷിണേന്ത്യയിലെ ചിറാപുഞ്ചി എന്ന റിയപ്പെടുന്ന ഈ കാട്ടിൽ രാജവെമ്പാലകൾ എമ്പാടും വിഹരിക്കുന്നുണ്ട്. പ്രദേശത്തെ പൈതൃക ഗ്രാമത്തിലെ കൊച്ചു പുൽക്കുടിലുകളുടെ ഓരം ചേർന്ന് കാർ ഓടിക്കൊണ്ടിരിക്കുകയാണ്. നേരം സന്ധ്യയാകുന്നേയുള്ളൂ. പക്ഷേ, കുടിലുകൾക്ക് മുമ്പിൽ ആരെയും കാണുന്നില്ല. ഒരു പക്ഷേ, അവർ പകൽ പണി കഴിഞ്ഞു ക്ഷീണിച്ച് വിശ്രമം നേരത്തെ തുടങ്ങിയിരിക്കാം. അല്ലെങ്കിലും അതിമോഹങ്ങൾ ഇല്ലാത്തവർക്ക് നാളെയെക്കുറിച്ചുള്ള വേവലാതികളും കുറയുമല്ലോ.

ഇരുട്ട് പരന്നുതുടങ്ങിയപ്പോൾ ഞങ്ങൾ മടക്കയാത്രയായി. സന്ധ്യാനമസ്കാരം എവിടെവെച്ച് എന്ന് ആലോചിച്ചു തുടങ്ങുമ്പോഴാണ് മെയിൻറോഡിനരികിൽ നിന്ന് പതിഞ്ഞ സ്വരത്തിൽ ബാങ്കുവിളി കേട്ടത്. കാടിന്റെ ശാന്തതയെ തെല്ലും അലോസരപ്പെടുത്താതെ ഒരു ചെറിയ പള്ളിയിൽ നിന്നാണ് മൃദുവായ വിളിയാളം. വിചാരിച്ചത് പോലെ തന്നെ പള്ളിയിൽ ആളില്ല, ബാങ്ക് വിളിച്ച ഒരാളൊഴികെ. അംഗശുദ്ധി വരുത്തി അദ്ദേഹത്തിന് പിന്നിൽ ഞങ്ങൾ നമസ്കരിച്ചു. പിന്നെ പരിചയപ്പെട്ടു, വർത്തമാനം തുടങ്ങി. അയൽ സംസ്ഥാനക്കാരനാണെങ്കിലും അദ്ദേഹത്തിന് മലയാളം നന്നായി അറിയാം.

പ്രദേശത്തേക്ക് കച്ചവടത്തിന് വന്ന ഏതാനും മലയാളികളാണ് ആ പള്ളി ഉണ്ടാക്കിയത്. വളരെ ചെറിയ പള്ളിയായിരുന്നു തുടക്കത്തിൽ. ശേഷം എന്നോ ആ പള്ളിയിൽ നമസ്കരിക്കാൻ കയറിയ യാത്രക്കാരിൽ ഏതോ ഒരാൾ പള്ളി അൽപം വലുതാക്കി പുതുക്കിപ്പണിയാൻ സഹായിക്കുകയായിരുന്നു. അന്ന് ഇപ്പോഴത്തെ ഇമാമിന്റെ പിതാവായിരുന്നു പള്ളിയുടെ ചുമതലക്കാരൻ, മരണശേഷം മകനായി ബാധ്യത. കേവലം അഞ്ചു കുടുംബങ്ങൾ മാത്രമെ ആ പള്ളിയുമായി ബന്ധപ്പെടുന്നവരായി ഉള്ളൂ!

ബാങ്കുവിളി, നമസ്കാരത്തിന് നേതൃത്വം നൽകൽ, വെള്ളിയാഴ്ച ഖുത്വുബ, പള്ളി പരിപാലനം, മദ്റസ അധ്യാപനം തുടങ്ങി പള്ളിയോട് ബന്ധപ്പെട്ട എല്ലാ ചുമതലകളും ആ ഒരാളുടെ ചുമലിലാണ്. ശമ്പളം കൊടുക്കാൻ കേവലം അഞ്ച് കുടുംബങ്ങൾ മാത്രം! അതും കൂലിപ്പണിക്കാർ!! യാത്രക്കാരുടെ ചെറിയ സഹായങ്ങളും പള്ളിയുടെ നടത്തിപ്പിന് ലഭിക്കുന്നുണ്ട്.

ഞങ്ങളെ ഏറെ അത്ഭുതപ്പെടുത്തിയത് ഈ ചെറിയ വരുമാനത്തിൽനിന്ന് കുടുംബം പോറ്റാൻ സാധിക്കുമോ എന്ന സംശയത്തിനുള്ള അദ്ദേഹത്തിന്റെ മറുപടിയായിരുന്നു. പടച്ചവനെ സ്തുതിച്ച് കൊണ്ട് 'സന്തോഷത്തോടെ, സംതൃപ്തിയോടെ പ്രയാസങ്ങൾ ഒന്നുമില്ലാതെ ജീവിച്ച് പോകുന്നു' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്പോഴും മനസ്സിൽ നിന്ന് മാഞ്ഞിട്ടില്ല. മക്കളുടെ കല്യാണം ആകുമ്പോൾ എന്താവും എന്ന സന്ദേഹവും അദ്ദേഹം പങ്ക് വെച്ചു.

അത്യാവശ്യം സമ്പത്ത് ഉള്ളവർക്കാണ് അത് വീണ്ടും വീണ്ടും കൂട്ടണം എന്ന ആഗ്രഹം ഉണ്ടാകാറുള്ളത് എന്നതാണല്ലോ അനുഭവപാഠം. കച്ചവടക്കാരന് കച്ചവടം മെച്ചപ്പെടുത്തണം. ഉദ്യോഗസ്ഥന് കൂടുതൽ ശമ്പളമുള്ള ജോലിക്കയറ്റം കിട്ടണം. കൃഷിയുടമക്ക് കൃഷിയിടം വികസിപ്പിക്കണം. ചിലർക്ക് ഉള്ള വാഹനം വിറ്റ് മുന്തിയത് വാങ്ങണം. മറ്റു ചിലർക്ക് വീടിന്റെ മോടി കൂട്ടണം. ഇങ്ങനെ ഉള്ളത് മെച്ചപ്പെടുത്താൻ രാപകൽ പണിയെടുക്കുന്ന കാലഘട്ടത്തിലാണല്ലോ നമ്മൾ ജീവിക്കുന്നത്. എന്നാൽ ഇക്കാലത്ത് തന്നെയാണ് അഞ്ച് കുടുംബങ്ങളെയും വല്ലപ്പോഴും വരുന്ന യാത്രികരെയും മാത്രം ആശ്രയിച്ച് ഒരാൾ ജീവിക്കുന്നത്. അദ്ദേഹത്തിന് കിട്ടുന്ന വരുമാനം എത്ര ചെറുതായിരിക്കും എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഉള്ളതിൽ സംതൃപ്തനായ ആ മനുഷ്യൻ ചില്ലറ മതിപ്പല്ല ഞങ്ങളിൽ ഉണ്ടാക്കിയത്. ഫോൺ നമ്പർ വാങ്ങി യാത്ര പറഞ്ഞ് ഇറങ്ങി.

വൈകാതെ കോടമഞ്ഞ് വീണുതുടങ്ങി. വാഹനത്തിന്റെ എല്ലാ ലൈറ്റുകളും കത്തിയിട്ടും ഒരു മീറ്റർ ദൂരത്തേക്ക് പോലും കാണാൻ പറ്റാത്തത്ര കട്ടികൂടിയ കോട! ഏത് റോഡിലും കുലുങ്ങാത്ത ഞങ്ങളുടെ ഡ്രൈവർ സുഹൃത്ത് ഈ നിലയിൽ ചുരമിറങ്ങാൻ ഇല്ല, ഇനി രാത്രി യാത്ര വയ്യ എന്ന് ഉറപ്പിച്ചു പറഞ്ഞു.

നിലയ്ക്കാതെ പെയ്ത രാത്രിമഴയിൽ ദൂരെ നിന്നുള്ള കാട്ടു ജീവികളുടെ ശബ്ദം ശ്രവിച്ച് കാടിനോരം ചേർന്ന ഒരു വീടിന്റെ ഒന്നാം നിലയിലെ ഹോം സ്റ്റേയിൽ അന്ന് രാപാർക്കവെ ചർച്ചകളിൽ ആ ശുഭ്ര വസ്ത്ര ധാരിയുടെ സംതൃപ്ത രൂപം നിറഞ്ഞ് നിന്നു. കാടും മലയും മഴയും യാത്രയും ഓർമ വരുമ്പോൾ ഇടക്കിടെ ഇപ്പോഴും ആ സംതൃപ്ത മുഖം ഓർമയിൽ തെളിയാറുണ്ട്.

Let's scaffold to survive

Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,

Assalamu Alaikum..!

In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
02 November 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

